08
2024
നവംബർ
വെള്ളി
തുലാം 23

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.5 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-5 | പേജ് 4. വില 2.00 രൂപ

02 ജാതി സർട്ടിഫിക്കറ്റിൽ അന്വേഷണം നടത്താൻ പിഎസ്‌സിക്ക് അധികാരമില്ല

03 പിഎം വിദ്യാലക്ഷ്മി പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം

04 അന്യസംസ്ഥാന ഡ്രൈവിങ് ലൈസൻസ്; വിലാസം മാറ്റാൻ വാഹനം ഓടിച്ചു കാണിക്കണം

# തീരക്കടലിൽ ഭീഷണിയായി ബാർജും ബോട്ടും





കഴക്കൂട്ടം: തുമ്പ തീരക്കടലിൽ താഴ്ന്നുകൊണ്ടിരിക്കുന്ന ബാർജും ഓഖിയിൽപ്പെട്ട് തുമ്പയിൽ എത്തി തീരക്കടലിൽ കുടുങ്ങിയ ബോട്ടും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കു ഭീഷണി.

വിഴിഞ്ഞം തുറമുഖ നിർമാണത്തിനു വേണ്ട കല്ലുകൾ കയറ്റി കൊണ്ടു പോകാനും പെരുമാതുറ അഴിമുഖത്തിന്റെ ആഴം കൂട്ടാനുമായി കൊണ്ടു വന്ന ബാർജ് കേടായി ഏതാനും മാസങ്ങളായി മുതലപ്പൊഴിയിൽ കിടന്നിരുന്നു. കഴിഞ്ഞ ഒക്ടോബർ 12ന് മുതലപ്പൊഴിയിൽ പുലിമുട്ടിൽ ഇടിച്ചു കയറിയ ബാർജിനെ ഏറെ ബുദ്ധിമുട്ടിയാണ് അവിടെ നിന്നും നീക്കിയത്. കഴിഞ്ഞ രാത്രി ഉരുക്കു വടം ഉപയോഗിച്ച് കെട്ടി വലിച്ച് വിഴിഞ്ഞത്തേക്കു കൊണ്ടു പോകുന്നതിനിടെയാണ് വടം പൊട്ടി തുമ്പ തീരത്തിനു സമീപം എത്തിയത്. അടിയന്തരമായി ബാർജിനെ ഇവിടെ നിന്നും മാറ്റാൻ നടപടി എടുക്കണം എന്ന് നാട്ടുകാർ വിഴിഞ്ഞം പോർട്ട് അധികൃരോടും തീരദേശ സേനയോടും ആവശ്യപ്പെട്ടെങ്കിലും രണ്ടാം ദിവസവും നടപടിയെടുത്തിട്ടില്ല.ബാർജ് തീരക്കടലിൽ താഴ്ന്നത് പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് ഭീഷണി ഉയർത്തുകയാണ്.2018 ലെ കടൽക്ഷോഭത്തെ തുടർന്ന് സെന്റ് ആൻഡ്രൂസിലും പിന്നീട് തുമ്പ തീരക്കടലിലും എത്തിയ മണലിൽ ഉറച്ച ബോട്ട് മത്സ്യ തൊഴിലാളികൾക്ക് ഇതിനകം വൻ ഭീഷണിയായിരിക്കുകയാണ്. അതിനിടെയാണ് ചൊവ്വ പുലർച്ചെ മുതലപ്പൊഴിയിൽ നിന്നും കെട്ടി വലിച്ചുകൊണ്ടു വിഴിഞ്ഞത്തേയ്ക്കു പോയ ബാർജ് വടം പൊട്ടി തുമ്പ തീരത്തെത്തി മുങ്ങിത്താഴുന്നത്. തുമ്പ പള്ളിക്കു സമീപം തീരത്തോടടുത്താണ് 20 അടിയിലേറെ മണലിൽ താണു കിടക്കുന്നത്. കഴിഞ്ഞ ദിവസം പുലർച്ചെ 3 മണിയോടെയാണ് തുമ്പ പള്ളിക്കു സമീപം തീരക്കടലിൽ ബാർജ് എത്തിയത്. രാവിലെ ബാർജിന്റെ 20 ശതമാനം കടലിൽ മുങ്ങിയ നിലയിൽ ആയിരുന്നു. രാത്രി ആയപ്പോൾ ഏതാണ് 80 ശതമാനവും കടലിൽ മുങ്ങി താണ നിലയിലാണ്.

2018ൽ ഉണ്ടായ കടൽ ക്ഷോഭത്തിൽ എറണാകുളം സ്വദേശിയുടെ 70 ലക്ഷം രൂപയിലേറെ വില വരുന്ന മത്സ്യ ബന്ധന ബോട്ട് സെന്റ് ആൻഡ്രൂസ് തീരത്തെ മണലിൽ ഉറച്ചു. ബോട്ട് തിരിച്ചെടുക്കാൻ ഉടമ ലക്ഷങ്ങൾ ചെലവഴിച്ച് മാസങ്ങളോളം സെന്റ് ആൻഡ്രൂസിൽ കഴിഞ്ഞെങ്കിലും ശ്രമങ്ങളെല്ലാം പരാജയപ്പെട്ടതോടെ ബോട്ട് ഉപേക്ഷിച്ച് നാട്ടിലേക്കു മടങ്ങി. വർഷങ്ങളോളം സെന്റ് ആൻഡ്രൂസിൽ കിടന്ന ബോട്ട് കടൽ ക്ഷോഭത്തിൽ തകർന്ന് അതിന്റെ ഒരു പ്രധാന ഭാഗം ഒഴുകി തുമ്പ പള്ളിക്കു സമീപം തീരക്കടലിൽ എത്തി മണ്ണിൽ ഉറച്ചു. ഇപ്പോൾ തീരക്കടലിൽ കിടക്കുന്ന ബോട്ട് കടൽ പിൻമാറി തീരം കൂടുന്ന സമയം കരയിൽ നിന്നും വ്യക്തമായി കാണാനാവും.ഈ ഭാഗം ഒഴിവാക്കിയാണ് മത്സ്യത്തൊഴിലാളികൾ തങ്ങളുടെ കമ്പവല ഉപയോഗിച്ച് മത്സ്യം വലിച്ചു കയറ്റുന്നത്. ഏതാണ്ട് ബോട്ട് നിൽക്കുന്ന ഭാഗത്തു നിന്നും 100 മീറ്റർ മാത്രം മാറിയാണ് ബാർജ് മണ്ണിൽ ഉറച്ചു കിടക്കുന്നത്. 40 തോളം കമ്പ വലകൾ (കരമടി) ഉപയോഗിച്ച് മത്സ്യ ബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യ തൊഴിലാളികൾ ഇവിടെയുണ്ട്. ബാർജ് തീരക്കടലിൽ മുങ്ങി താഴ്ന്നാൽ തങ്ങളുടെ വള്ളത്തിനും വലയ്ക്കും കേടുപാടുകൾ പറ്റും എന്ന ആശങ്കയിൽ ആണ് മത്സ്യത്തൊഴിലാളികൾ. അതിനാൽ ബാർജിനെ എത്രയും വേഗം ഇവിടെ നിന്നും നീക്കാനുള്ള നടപടികൾക്ക് ഫിഷറീസ് വകുപ്പ് തന്നെ മുന്നിട്ടിറങ്ങണം എന്നാണ് നാട്ടുകാരുടെ ആവശ്യം.

## ആർട്ടിക്കിൾ 370 പുനഃസ്ഥാപിക്കണമെന്ന് പ്രമേയം: ജമ്മു കാഷ്മീർ നിയമസഭയിൽ കൈയാങ്കളി

ശ്രീനഗർ: ജമ്മു കാഷ്മീർ നിയമസഭയിൽ ഭരണപ്രതിപക്ഷ അംഗങ്ങൾ തമ്മിൽ കൈയാങ്കളി. കാഷ്മീരിന്റെ പ്രത്യേക പദവി പുനഃസ്ഥാപിക്കണമെന്ന പ്രമേയത്തിനെതിരായ ബിജെപിയുടെ പ്രതിഷേധം സംഘ!ർഷത്തിൽ കലാശിക്കുകയായിരുന്നു. പ്രമേയം രാജ്യവിരുദ്ധമാണെന്ന് ബിജെപി ആരോപിച്ചു.

പ്രത്യേക പദവി പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുള്ള പ്രമേയം കഴിഞ്ഞ ദിവസം ജമ്മു കാഷ്മീർ നിയമസഭ പാസാക്കിയിരുന്നു. ഇന്നു സഭ സമ്മേളിച്ചപ്പോൾ ബിജെപി എംഎൽഎയും പ്രതിപക്ഷ നേതാവുമായ സുനിൽ ശർമ പ്രമേയത്തിൽ സംസാരിച്ചുകൊണ്ടിരിക്കെ അവാമി ഇത്തിഹാദ് പാർട്ടി എംഎൽഎ ഖുർഷിദ് അഹമ്മദ് ഷെയ്ഖ് ആർട്ടിക്കിൾ 370 പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ബാനർ ഉയർത്തിയതോടെയാണ് നാടകീയ സംഭവങ്ങൾക്ക് തുടക്കമായത്. ഇതേച്ചൊല്ലി ഭരണപ്രതിപക്ഷ എംഎൽഎമാർ തമ്മിൽ ഉന്തുംതള്ളുമുണ്ടായി.

പ്രകോപിതരായ ബിജെപി അംഗങ്ങൾ സഭയുടെ നടുത്തളത്തിലേക്ക് ഇറങ്ങുകയും ബാനർ തട്ടിയെടുത്ത് കീറിയെറിയുകയും ചെയ്തു. തുടർന്ന് ബഹളം ശമിപ്പിക്കാൻ 15 മിനിറ്റോളം സ്പീക്കർ സഭ നിർത്തിവച്ചു. എന്നാൽ, ബിജെപി അംഗങ്ങൾ പ്രതിഷേധം തുടർന്നു.

സ്പീക്കറുടെ നിർദേശ പ്രകാരം മൂന്ന് എംഎൽഎമാരെ മാർഷലുകളുടെ അകമ്പടിയോടെ പുറത്താക്കിയെങ്കിലും മറ്റ് പ്രതിപക്ഷ അംഗങ്ങൾ എതിർത്തതോടെ സംഘർഷം രൂക്ഷമായി. ബഹളത്തിനിടയിൽ സ്പീക്കർ അബ്ദുൾ റഹീം റാത്തർ സഭ ഇന്നത്തേക്ക് നിർത്തിവച്ചതായി പ്രഖ്യാപിച്ചു.

പ്രത്യേക പദവി പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുള്ള പ്രമേയം കഴിഞ്ഞ ദിവസം ജമ്മു കാഷ്മീർ നിയമസഭ പാസാക്കിയിരുന്നു. 2019ലാണ് ജമ്മു കാഷ്മീരിന് പ്രത്യേക പദവി നൽകുന്ന ആർട്ടിക്കിൾ 370 റദ്ദാക്കിയത്.

## വീസ കച്ചവടം, മനുഷ്യക്കടത്ത്; കുവൈത്തിൽ ഏഴ് പേർ അറസ്റ്റിൽ

കുവൈത്ത് സിറ്റി: മനുഷ്യക്കടത്ത്, വീസ കച്ചവടം, കള്ളപ്പണം വെളുപ്പിക്കൽ എന്നീ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട ഏഴ് പേരെ കുവൈത്ത് ആഭ്യന്തര മന്ത്രാലയം അറസ്റ്റ് ചെയ്തു. കാവൽ പ്രധാനമന്ത്രിയും ആഭ്യന്തരപ്രതിരോധ വകുപ്പ് മന്ത്രിയുമായ ഷെയ്ഖ് ഫഹദ് അൽ യൂസഫ് അൽ സബാഹിന്റെ നിർദ്ദേശപ്രകാരം നടത്തിയ അന്വേഷണത്തിലാണ് ഇവർ അറസ്റ്റിലായത്. രണ്ടു കേസുകളിലായാണ് ഏഴുപേർ പിടിയിലായത്. ആദ്യ കേസിൽ, സ്വദേശികളും വിദേശികളും ചേർന്ന് വർക്ക് വീസകൾ വിൽപന നടത്തിയിരുന്നു. ഇതിനായി പ്രതികൾ ആളുകളിൽ നിന്നും 800 ദിനാർ മുതൽ 1,300 കുവൈത്ത് ദിനാർ വരെ തട്ടിയെടുത്തിരുന്നു. പ്രതികളെ പബ്ലിക് പ്രോസിക്യൂഷന് കൈമാറി.

ഹവല്ലി ഗവർണറേറ്റിലെ ക്രിമിനൽ ഇൻവെസ്റ്റിഗേഷൻസ് ഡിപ്പാർട്ട്മെൻറ് നടത്തിയ അന്വേഷണത്തിലാണ് മറ്റൊരു കേസിൽ രണ്ടുപേർ പിടിയിലായി. വീസ കച്ചവടം, മനുഷ്യക്കടത്ത്, കള്ളപ്പണം വെളുപ്പിക്കൽ തുടങ്ങിയ കുറ്റങ്ങളാണ് ഇവർക്കെതിരേ ചുമത്തിയിരിക്കുന്നത്. പ്രതികൾ കുറ്റം സമ്മതിച്ചതായാണ് വിവരം. ഇടപാടുകളിൽ ഇവരെ സഹായിച്ചവരെ കണ്ടെത്താനുള്ള നീക്കം അധികൃതർ ആരംഭിച്ചിട്ടുണ്ട്.

## പി.പി.ദിവ്യയ്ക്കെതിരെ സിപിഎം നടപടി: പാർട്ടി പദവികളിൽ നിന്നും നീക്കി, ബ്രാഞ്ചിലേക്ക് തരംതാഴ്ത്തി

തിരുവനന്തപുരം: മുൻ എഡിഎം നവീൻ ബാബുവിന്റെ മരണത്തിൽ പ്രതിചേർക്കപ്പെട്ട കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ അധ്യക്ഷ പി.പി. ദിവ്യക്കെതിരെ നടപടിയെടുക്കാൻ കണ്ണൂർ ജില്ലാ കമ്മിറ്റിക്ക് അനുമതി നൽകി സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ്.

അടിയന്തര ഓൺലൈൻ യോഗത്തിലാണ് തീരുമാനം. പാർട്ടി പദവികളിൽ നിന്നും ദിവ്യയെ നീക്കണമെന്ന് ജില്ലാ കമ്മിറ്റി ശുപാർശ ചെയ്തിരുന്നു. ദിവ്യയുടേത് ഗുരുതര വീഴ്ചയാണെന്നായിരുന്നു ജില്ലാ കമ്മിറ്റിയുടെ വിലയിരുത്തൽ.

## 2000 രൂപ നോട്ടുകളിൽ 98 ശതമാനവും തിരിച്ചെത്തിയെന്ന് ആർബിഐ

ന്യൂഡൽഹി: 2000 രൂപ നോട്ടുകളിൽ 98.04 ശതമാനവും ബാങ്കിംഗ് സംവിധാനത്തിലേക്ക് തിരിച്ചു വന്നുവെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ).

ഇനി 6,970 കോടി രൂപ മൂല്യം വരുന്ന നോട്ടുകൾ മാത്രമാണ് പൊതു ജനങ്ങളുടെ കൈയിലുള്ളതെന്നും ആർബിഐ വ്യക്തമാക്കി.

2023 മെയ് 19നാണ് 2000 രൂപ നോട്ടുകൾ പിൻവലിച്ചത്. 3.56 ലക്ഷം കോടി രൂപ മൂല്യമുള്ള 2000 രൂപ നോട്ടുകളാണ് അന്ന് രാജ്യത്താകെ വിനിമയം ചെയ്യപ്പെട്ടിരുന്നത്.

2024 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ പ്രകാരം ഇത് 6,970 കോടി രൂപയായി കുറഞ്ഞു. 2023 ഒക്ടോബർ ഏഴ് വരെ 2000 രൂപ നോട്ടുകൾ മാറ്റി വാങ്ങാനും നിക്ഷേപിക്കാനുമുള്ള സംവിധാനം എല്ലാ ബാങ്കുകളുടെയും ശാഖകളിൽ ഉണ്ടായിരുന്നു.

റിസർവ് ബാങ്ക് ഓഫീസുകളിൽ ഇത് മാറ്റാനുള്ള സൗകര്യമുണ്ട്. കൂടാതെ, രാജ്യത്തെ ഏത് പോസ്റ്റ് ഓഫീസ് മുഖേനെയും റിസർവ് ബാങ്കിലേക്ക് ഈ നോട്ടുകൾ അയക്കാം. ആർബിഐ ഇഷ്യൂ ഓഫീസർമാർ അതാത് ബാങ്ക് അക്കൗണ്ടുകളിലേക്ക് പണം തിരിച്ചയക്കും.

അഹമ്മദാബാദ്, ബംഗളൂരു, ബേലാപൂർ, ഭോപ്പാൽ, ഭുവനേശ്വർ, ചണ്ഡീഗഢ്, ചെന്നൈ, ഗുവാഹട്ടി, ഹൈദരബാദ്, ജയ്പൂർ, ജമ്മു, കാൺപൂർ, കൊൽക്കത്ത, ലഖ്നൗ, മുംബൈ, നാഗ്പൂർ, ന്യൂഡൽഹി, പാറ്റ്ന, തിരുവനന്തപുരം എന്നിവിടങ്ങളിലാണ് നോട്ടുകൾ മാറ്റി വാങ്ങാൻ സാധിക്കുന്ന ആർബിഐ ഓഫീസുകൾ ഉള്ളത്.

## ഹേമ കമ്മിറ്റി: 26 കേസുകളെടുത്തെന്ന് സർക്കാർ, അമിക്കസ് ക്യൂറിയെ നിയമിച്ച് ഹൈക്കോടതി

കൊച്ചി: സിനിമ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിച്ച ഹേമ കമ്മിറ്റിയിൽ അമിക്കസ് ക്യൂറിയെ നിയമിച്ച് ഹൈക്കോടതി. അഡ്വ. മിത സുധീന്ദ്രനെയാണ് അമിക്കസ് ക്യൂറിയായി നിയമിച്ചിരിക്കുന്നത്. റിപ്പോർട്ട്, നിർദേശം, കരട് നിയമം എന്നിവ ശേഖരിച്ച് ഏകോപിപ്പിക്കുന്നതിനായാണ് ഈ നടപടി.

സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നിയമനിർമാണം നടത്തുന്നതിന് സർക്കാരിനെ സഹായിക്കാൻ കരട് നിർദേശങ്ങൾ സമർപ്പിക്കാമെന്ന് ഹൈക്കോടതി അറിയിച്ചു. ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 26 കേസുകളെടുത്തെന്ന് സർക്കാർ കോടതിയെ അറിയിച്ചു. ജസ്റ്റീസ് എ. കെ. ജയശങ്കരൻ നമ്പ്യാർ, ജസ്റ്റീസ് സി. എസ്. സുധ എന്നിവരടങ്ങിയ ബെഞ്ച് കേസ് പരിഗണനയ്ക്ക് എടുത്തപ്പോഴാണ് സർക്കാർ കോടതിയെ ഇക്കാര്യം അറിയിച്ചത്. അന്വേഷണ പുരോഗതി റിപ്പോർട്ട് മുദ്രവച്ച കവറിൽ പ്രത്യേക അന്വേഷണസംഘം ഇന്ന് കോടതിയിൽ സമർപ്പിച്ചു. 18 കേസുകളിൽ മൊഴി നൽകിയവർ സാവകാശം ആവശ്യപ്പെട്ടു. കേസുമായി മുന്നോട്ടുപോകാൻ താത്പര്യമില്ലെന്ന് അഞ്ചുപേർ അറിയിച്ചു. മറ്റ് മൂന്നുപേർ തങ്ങൾ അങ്ങനെയൊരു മൊഴി ഹേമ കമ്മിറ്റിക്ക് നൽകിയതായി ഓർക്കുന്നില്ലെന്ന് അന്വേഷണ സംഘത്തെ അറിയിച്ചുവെന്നും അഡ്വക്കറ്റ് ജനറൽ കോടതിയെ അറിയിച്ചു.

പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണം ശരിയായ രീതിയിലാണ് മുന്നോട്ടുപോകുന്നതെന്ന് കോടതി നിരീക്ഷിച്ചു. ഈമാസം 21ന് വീണ്ടും വാദം കേൾക്കും. ഡിസംബർ 31നകം നടപടികൾ പൂർത്തായാക്കാൻ കഴിയുമെന്ന പ്രതീക്ഷയും കോടതി പ്രകടിപ്പിച്ചു. കൾച്ചറൽ അക്കാദമി ഫോർ പീസ് എന്ന സംഘടന കക്ഷി ചേരാൻ നൽകിയ അപേക്ഷയും ഡിവിഷൻ ബെഞ്ച് അംഗീകരിച്ചുഅതേസമയം, വനിതാ ചലച്ചിത്ര പ്രവർത്തകരുടെ സംഘടനയായ ഡബ്ല്യുസിസി നിയമനിർമാണത്തിനുള്ള കരട് നിർദേശം കോടതിയിൽ സമർപ്പിച്ചു. ഇത് സംസ്ഥാന സർക്കാരിന് കൈമാറാമെന്ന് കോടതി വ്യക്തമാക്കി.



# പാപ്പച്ചൻ കൊലപാതക കേസ്: കുറ്റപത്രം സമർപ്പിച്ചു

കൊല്ലം: ബിഎസ്എൻഎൽ റിട്ട. ഉദ്യോഗസ്ഥനായിരുന്ന ആശ്രാമം കൈരളി നഗർ കുളിർമയിൽ സി. പാപ്പച്ചനെ (82) കാറിടിച്ച് കൊലപ്പെടുത്തിയ കേസിൽ ഈസ്റ്റ് പോലീസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു.

പ്രതികൾ നടത്തിയ സാമ്പത്തിക തട്ടിപ്പ് പുറത്തുവരാതിരിക്കാനാണ് കൊലപാതകം നടത്തിയതെന്ന് കുറ്റപത്രത്തിൽ പറയുന്നു. ഇന്ത്യൻ ശിക്ഷാ നിയമം 302 വകുപ്പ് ഉൾപ്പെടെ ഏഴ് വകുപ്പുകൾ പ്രതികൾക്കെതിരേ ചുമത്തിയിട്ടുണ്ട്. 180 പേജുള്ള കുറ്റപത്രമാണ് സമർപ്പിച്ചത്. നൂറോളം സാക്ഷികൾ, 120 രേഖകളും ശാസ്ത്രീയ തെളിവുകളും അന്വേഷണ സംഘം കുറ്റപത്രത്തോടൊപ്പം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

പാപ്പച്ചന്റെ കൈവശമുണ്ടായിരുന്ന 60 ലക്ഷം രൂപ പ്രതികൾ തട്ടിയെടുത്തെന്നാണ് കുറ്റപത്രത്തിൽ വ്യക്തമാക്കുന്നത്. ഈ തുക പ്രതികളിൽ നിന്ന് കണ്ടെടുത്തതായും പറയുന്നു. കൊല്ലം ജുഡീഷൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി രണ്ടിലാണ് കുറ്റപത്രം സമർപ്പിച്ചത്.

പ്രതികൾ കസ്റ്റഡിയിൽ കഴിയുമ്പോൾത്തന്നെ വിചാരണ തുടരാനാകുംവിധം പഴുതടച്ചാണ് കുറ്റപത്രം സമർപ്പിച്ചത്. ഈ സാഹചര്യത്തിൽ കേസിൽ അതിവേഗ വിചാരണ ഉറപ്പാക്കാനാണ് അന്വേഷണ സംഘത്തിന്റെ ശ്രമം.കഴിഞ്ഞ മേയ് 23 നാണ് കേസിനാസ്പദമായ സംഭവം നടന്നത്. ആശ്രാമത്ത് സൈക്കിളിൽ സഞ്ചരിച്ച പാപ്പച്ചനെ കാറിടിപ്പിച്ച് കൊലപ്പെടുത്തുകയായിരുന്നു.

ആദ്യം അപകടമരണമെന്ന് കരുതിയ കേസ്, പിതാവിന്റെ സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച് പാപ്പച്ചന്റെ മകൾക്ക് സംശയം തോന്നി പോലീസിൽ പരാതി നൽകിയതോടെയാണ് വഴിത്തിവായത്. കൊല്ലം ഈസ്റ്റ് പോലീസിന്റെ അന്വേഷണത്തിൽ ക്വട്ടേഷൻ കൊലപാതകമാണെന്ന് തെളിയുകയായിരുന്നു.

ക്വട്ടേഷൻ ഏറ്റെടുത്ത കൊല്ലം പോളയത്തോട് അനിമോൻ മൻസിലിൽ അനിമോൻ (44), സഹായി കടപ്പാക്കട ശങ്കേഴ്സ് ആശുപത്രിക്ക് സമീപം ശാസ്ത്രി നഗറിൽ വയലിൽ പുത്തൻവീട്ടിൽ മാഹിൻ (47), ക്വട്ടേഷൻ നൽകിയ കൊല്ലത്തെ സ്വകാര്യ ധനകാര്യ സ്ഥാപനത്തിൽ മാനേജരായിരുന്ന സരിത (45),

പ്രസ്തുത സ്ഥാപനത്തിലെ എക്സിക്യൂട്ടീവായിരുന്ന മരുത്തടി വാസുപ്പിള്ള ഇംഗ്ഷനിൽ കെ.പി അനൂപ് (37), കാർ നൽകിയ പോളയത്തോട് ശാന്തി നഗർ കോളനി സൽമ മൻസിലിൽ ഹാഷിഫ് (27) എന്നിവരാണ് കേസിൽ ഒന്ന് മുതൽ അഞ്ച് വരെ പ്രതികളായി അറസ്റ്റിലായത്. ഇതിൽ ഹാഷിഫ് ഒഴികെ ബാക്കിയെല്ലാവരും നിലവിൽ ജയിലിലാണ്. ഇതിൽ നാലാംപ്രതി അനൂപിനെ പോലീസ് മാപ്പുസാക്ഷിയാക്കാനുള്ള നടപടികൾ പൂർത്തിയായി.

പാപ്പച്ചനെ കൂടാതെ ധനകാര്യ സ്ഥാപനത്തിലെ മറ്റ് ഏഴ് നിക്ഷേപകരിൽ നിന്ന് പ്രതികൾ തിരിമറികൾ നടത്തി പണം തട്ടിയെടുത്തിട്ടുണ്ട്. ആർക്കും പരാതി ഇല്ലാത്തതിനാൽ പോലീസ് കേസെടുത്തിട്ടില്ല.

ഒന്ന്, രണ്ട്, അഞ്ച് എന്നീ പ്രതികൾ പാപ്പച്ചന്റെ കൊലപാതകത്തിന് ശേഷം മൂന്നാം പ്രതിയിൽ നിന്ന് 18 ലക്ഷത്തോളം രൂപ കൈക്കലാക്കിയതായും കുറ്റപത്രത്തിൽ പറയുന്നുണ്ട്. വിചാരണ നടപടികൾ എത്രയും വേഗം തുടങ്ങാനുള്ള ശ്രമത്തിലാണ് പോലീസ്.

# ജാതി സർട്ടിഫിക്കറ്റിൽ അന്വേഷണം നടത്താൻ പിഎസ്സിക്ക് അധികാരമില്ല: ഹൈക്കോടതി

കൊച്ചി: ജാതി സർട്ടിഫിക്കറ്റിൽ സംശയം തോന്നിയാൽ അന്വേഷണം നടത്താൻ പിഎസ്സിക്ക് അധികാരമില്ലെന്നു ഹൈക്കോടതി. ഇക്കാര്യത്തിൽ വ്യക്തത തേടി റവന്യു വകുപ്പിനെ സമീപിക്കുകയാണു വേണ്ടതെന്നും ജസ്റ്റീസുമാരായ എ. മുഹമ്മദ് മുഷ്താഖ്, പി. എം. മനോജ് എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടു. നാടാർ വിഭാഗത്തിനായി നീക്കിവച്ച ഫയർമാൻ തസ്തികയിലേക്കുള്ള നിയമനം മതം മാറിയെന്ന പേരിൽ നിഷേധിച്ച പിഎസ്സി നടപടി ചോദ്യംചെയ്ത് തിരുവനന്തപുരം സ്വദേശി എസ്. പി. അനു നൽകിയ ഹർജിയിലാണ് ഉത്തരവ്. 2015ൽ ആദ്യം ജയിൽ വാർഡനായാണു ഹർജിക്കാരന് നിയമനം ലഭിച്ചത്. പിന്നീട് ഫയർമാനായി ജോയിൻ ചെയ്തു. ഇതിനു പിന്നാലെ ജാതിയുടെ കാര്യത്തിൽ തട്ടിപ്പു കാണിച്ചുവെന്നാരോപിച്ച് പിഎസ്സി കാരണം കാണിക്കൽ നോട്ടീസ് നൽകി. 2011ൽ അപേക്ഷ അയച്ചതിനു പിന്നാലെ ഹർജിക്കാരൻ ക്രിസ്തു മതത്തിലേക്ക് മാറിയെന്നും പിന്നീട് 2014ൽ വീണ്ടും ഹിന്ദു നാടാർ വിഭാഗത്തിലേക്ക് മാറിയെന്നുമായിരുന്നു പിഎസ്സിയുടെ ആരോപണം. താൻ മതം മാറിയിട്ടില്ലെന്നും ക്രിസ്ത്യൻ വിഭാഗത്തിലുള്ള യുവതിയെ വിവാഹം കഴിച്ചതിന്റെ ചടങ്ങാണു പള്ളിയിൽ നടന്നതെന്നുമായിരുന്നു ഹർജിക്കാരന്റെ വാദം. ജാതി സർട്ടിഫിക്കറ്റിനായി അപേക്ഷ നൽകിയപ്പോൾ വില്ലേജ് ഓഫീസറാണ് ആര്യ സമാജത്തിൽനിന്നുള്ള സർട്ടിഫിക്കറ്റും വിജ്ഞാപനവും വേണമെന്നാവശ്യപ്പെട്ടത്. എസ്എസ്എൽസിയടക്കമുള്ള സർട്ടിഫിക്കറ്റിൽ ഹിന്ദു നാടാർ എന്നാണു രേഖപ്പെടുത്തിയിരിക്കുന്നതെന്നും ബോധിപ്പിച്ചു. വിജ്ഞാപനം തന്നെ മതം മാറിയെന്നതിനു തെളിവായതിനാൽ ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം ആവശ്യമില്ലെന്നും തീരുമാനത്തിൽ തെറ്റില്ലെന്നുമായിരുന്നു പിഎസ്സിയുടെ വാദം. എന്നാൽ, ഇക്കാര്യത്തിൽ അന്വേഷണം നടത്തേണ്ടത് ജാതി സർട്ടിഫിക്കറ്റ് നൽകിയ റവന്യു വകുപ്പാണെന്ന് കോടതി വ്യക്തമാക്കി.

# കേരളത്തിലെ വഖഫ് ഭൂമി വിവരം സർക്കാർ പ്രസിദ്ധീകരിക്കണം: ജാവദേക്കർ

പാലക്കാട്: കേരളത്തിലെ വഖഫ് ഭൂമി സംബന്ധിച്ച വിവരം സംസ്ഥാന സർക്കാർ പ്രസിദ്ധീകരിക്കണമെന്ന് മുൻ കേന്ദ്രമന്ത്രിയും ബിജെപി കേരള പ്രഭാരിയുമായ പ്രകാശ് ജാവദേകർ.

കേരളത്തിൽ എത്ര വഖഫ് ഭൂമിയുണ്ടെന്നും വഖഫ് ബോർഡ് എത്ര സർക്കാർ ഭൂമിയും സ്വകാര്യ ഭൂമിയും കർഷകഭൂമിയും അവകാശപ്പെടുന്നുവെന്ന വിശദാംശങ്ങളും സർക്കാർ പുറത്തുവിടണം. ഇതിന്റെയെല്ലാം റിക്കാർഡ് സർക്കാരിന്റെ കൈവശമുള്ളതിനാൽ ഒരാഴ്ചയ്ക്കകം വിവരം പുറത്തുവിടാൻ കഴിയും.

വഖഫിനെക്കുറിച്ചുള്ള നിസാർ കമ്മിറ്റി റിപ്പോർട്ട് 15 വർഷം പഴക്കമുള്ളതാണ്. അതിനുശേഷം നിരവധി പുതിയ അവകാശവാദങ്ങൾ വഖഫ് ഉന്നയിച്ചിട്ടുണ്ട്. അതിനാൽ, സർക്കാർ ഏറ്റവും പുതിയ വിശദമായ പ്രസ്താവന പുറത്തിറക്കണം. വഖഫ് നിയമഭേദഗതി ബിൽ പാർലമെൻറിൽ ചർച്ചചെയ്യുകയോ വോട്ടിനിടുകയോ ചെയ്തിട്ടില്ലെങ്കിലും യുഡിഎഫും എൽഡിഎഫും അതിനെതിരേ ഏകകണ്ഠമായി നിയമസഭയിൽ പ്രമേയം പാസാക്കി. വിഷയം ജെപിസിയിലാണ്. എൽഡിഎഫ്, യുഡിഎഫ് നേതാക്കൾ ഭേദഗതികളെ എതിർക്കുകയും വഖഫിന്റെ പക്ഷംപിടിക്കുകയും ചെയ്യുന്നു.

ഒരു രാജ്യത്ത് എങ്ങനെയാണ് രണ്ടു നിയമങ്ങളുണ്ടാകുന്നത്. ഒരു ക്ഷേത്രത്തെക്കുറിച്ചോ ഗുരുദ്വാരയെക്കുറിച്ചോ പള്ളിയെക്കുറിച്ചോ സ്വത്തുതർക്കമുണ്ടെങ്കിൽ നിങ്ങൾക്കു കോടതികളെ സമീപിക്കാം. എന്നാൽ, വഖഫ് ഭൂമിയെക്കുറിച്ച് തർക്കമുണ്ടെങ്കിൽ കോടതികളെ സമീപിക്കാൻ കഴിയില്ലെന്നും ജാവദേക്കർ പത്രസമ്മേളനത്തിൽ ചൂണ്ടിക്കാട്ടി.

## പി.ജി. മെഡിക്കൽ കോഴ്സ്: ഓൺലൈൻ അപേക്ഷ സമർപ്പിക്കാം

202425 അധ്യയന വർഷത്തെ ബിരുദാനന്തര ബിരുദ മെഡിക്കൽ കോഴ്സുകളിൽ അപേക്ഷിക്കാൻ ഒരിക്കൽ കൂടി അവസരം. പി. ജി നീറ്റ് 2024 ൽ യോഗ്യത നേടി പി.ജി മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി ഇതുവരെ അപേക്ഷിക്കാത്തവർക്ക് പ്രവേശന പരീക്ഷാകമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റ് വഴി നവംബർ 7ന് വൈകിട്ട് 5 മണിക്കകം ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ സെപ്റ്റംബർ 30ന് പ്രസിദ്ധീകരിച്ച വിജ്ഞാപനം പരിശോധിക്കുക. ഫോൺ : 0471 2525300

## വിദേശത്ത് എംബിബിഎസ് സീറ്റ് വാഗ്ദാനം ചെയ്ത് പണംതട്ടിയ പ്രതി പിടിയിൽ

കൊല്ലം: വിദേശത്ത് എംബിബിഎസ് സീറ്റ് വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ തട്ടിയെടുത്ത പ്രതി പിടിയിലായി. തിരുവനന്തപുരം വട്ടക്കരിക്കകം ബിസ്മി മൻസിലിൽ ഷെറിൻ (25) ആണ് ഇരവിപുരം പോലീസിന്റെ പിടിയിലായത്.ജോർജിയായിൽ എംബിബിഎസ് വിദ്യാർഥിയായ പ്രതി മയ്യനാട് സ്വദേശിനിയായ യുവതിക്ക് ഇയാൾ പഠിക്കുന്ന കോളജിൽ എംബിബിഎസ് സീറ്റ് തരപ്പെടുത്തി നൽകാമെന്ന് വാഗ്ദാനം ചെയ്ത് പല തവണകളായി 10 ലക്ഷത്തിലധികം രൂപ തട്ടിയെടുക്കുകയായിരുന്നു.

ഇരവിപുരം പോലീസ് സ്റ്റേഷനിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും പ്രതിക്കെതിരേ ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഡൽഹി എയർപോർട്ടിലൂടെ പ്രതി വിദേശത്തേക്ക് കടക്കാൻ ശ്രമിക്കുന്നതായ വിവരമറിഞ്ഞ് ഇരവിപുരം ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം ഡൽഹിയിലെത്തി പിടികൂടുകയായിരുന്നു.

# നാട്ടാനകൾക്കെതിരേയുള്ള ക്രൂരത: കരട് മാർഗനിർദേശം; ഇറക്കുമെന്ന് കോടതി

കൊച്ചി: നാട്ടാനകൾക്കെതിരേയുള്ള ക്രൂരത അവസാനിപ്പിക്കുന്നതിന് കരട് മാർഗനിർദേശങ്ങൾ ചൊവ്വാഴ്ച ഇറക്കുമെന്ന് ഹൈക്കോടതി. കേരളത്തെ നാട്ടാനസൗഹൃദ സംസ്ഥാനമാക്കാതെ, കൂടുതൽ ആനകളെ ഇറക്കുമതി ചെയ്യാൻ അനുവദിക്കില്ലെന്നും കോടതി വ്യക്തമാക്കി. നാട്ടാനകളുടെ ദുരിതമവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയാണ് ജസ്റ്റീസ് ജയശങ്കരൻ നമ്പ്യാർ ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച് പരിഗണിച്ചത്. ആന എഴുന്നള്ളിപ്പിന് കർശന നിയന്ത്രണം വേണമെന്നാണ് അമിക്കസ് ക്യൂറി കോടതിയെ അറിയിച്ചത്. മതപരമായ ചടങ്ങുകൾക്കു മാത്രമേ ആനകളെ ഉപയോഗിക്കാവൂ. സ്വകാര്യ ചടങ്ങുകൾ, ഉദ്ഘാടനങ്ങൾ എന്നിവയിൽ ആനകളെ ഉപയോഗിക്കരുത്. രണ്ട് എഴുന്നള്ളിപ്പുകൾക്കിടയിൽ ആനകൾക്ക് 24 മണിക്കൂർ വിശ്രമം വേണം. 65 വയസ് കഴിഞ്ഞ ആനകളെ എഴുന്നള്ളിപ്പിന് ഉപയോഗിക്കരുത്. ഒരു ദിവസം 100 കിലോമീറ്ററിലധികം ആനകളെ വാഹനത്തിൽ കൊണ്ടുപോകരുത്. എഴുന്നള്ളിപ്പുകൾക്ക് നിർത്തുമ്പോൾ ആനകൾ തമ്മിൽ മൂന്നു മീറ്ററെങ്കിലും അകലം പാലിക്കണം. ജനങ്ങളെ ആനകൾക്ക് സമീപത്തുനിന്നും 100 മീറ്റർ എങ്കിലും അകലത്തിൽ നിർത്തണം. തലപ്പൊക്ക മത്സരം, വണങ്ങൽ, പുഷ്പവൃഷ്ടി എന്നിവ പാടില്ലെന്നും അമിക്കസ് ക്യൂറി അറിയിച്ചു. ആനകളെ വാഹനത്തിൽ കൊണ്ടുപോകുന്നതു സംബന്ധിച്ച അമിക്കസ് ക്യൂറി ശിപാർശ ഒരു ജില്ലയിൽനിന്നും മറ്റൊരു ജില്ലയിലേക്ക് ആനകളെ കൊണ്ടുപോകുമ്പോൾ എങ്ങനെ നടപ്പിലാക്കുമെന്ന് കോടതി ചോദിച്ചു.

അമിക്കസ് ക്യൂറിയുടെ ശിപാർശകൾ പരിശോധിക്കുമെന്നും കോടതി വ്യക്തമാക്കി. ഹർജി ചൊവ്വാഴ്ച വീണ്ടും പരിഗണിക്കും

## ഐടിഐയിൽ അഭിമുഖം

കഴക്കൂട്ടം സർക്കാർ ഐടിഐയിലെ ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് ട്രേഡിൽ പൊതുവിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള ഗസ്റ്റ് ഇൻസ്ട്രക്ടറുടെ ഒഴിവിലേക്ക് നവംബർ 8ന് അഭിമുഖം നടത്തുന്നു. വൊക്കേഷൻ ബിരുദം/കൊമേഴ്സ്/ഹോട്ടൽ മാനേജ്മെന്റ്/കാറ്ററിംഗ് ടെക്നോളജിയിലുള്ള ബിരുദം അല്ലെങ്കിൽ ഡിപ്ലോമയും പ്രവൃത്തിപരിയവുമാണ് യോഗ്യത. താൽപര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും അവയുടെ ശരിപ്പകർപ്പുകളും സഹിതം രാവിലെ 11 മണിക്ക് പ്രിൻസിപ്പാൾ മുമ്പാകെ അഭിമുഖത്തിനായി ഹാജരാകണം.

## സംരംഭകർക്ക് ഡിജിറ്റൽ മാർക്കറ്റിങ്ങിൽ പരിശീലനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് (KIED) സംരംഭകർക്കായി ഡിജിറ്റൽ മാർക്കറ്റിങ്ങിൽ ത്രിദിന പരിശീലനം സംഘടിപ്പിക്കുന്നു. നവംബർ 13 മുതൽ 15 വരെ കളമശേരിയിലെ KIED ക്യാമ്പസിലാണു പരിശീലനം. എംഎസ്എംഇ മേഖലയിലെ സംരംഭകർക്കും എക്സിക്യൂട്ടീവ്സിനും പരിശീലനത്തിൽ പങ്കെടുക്കാം. ഇൻട്രൊഡക്ഷൻ ടു ഡിജിറ്റൽ മാർക്കറ്റിങ് ടൂൾസ്, ഗൂഗിൾ മൈ ബിസിനസ്, ഇൻട്രൊഡക്ഷൻ ടു കാൻവ, സോഷ്യൽ മീഡിയ മാർക്കറ്റിങ് ഫോർ ബിസിനസ്, വെബ്സൈറ്റ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ്, എസ്ഇഒ സ്ട്രാറ്റജീസ്, ഗൂഗിൾ ആഡ്സ്, എഐ ഇൻ മാർക്കറ്റിങ്, പ്രാക്ടിക്കൽ സെഷൻസ് തുടങ്ങിയ വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2950 രൂപയാണ് പരിശീലന ഫീസ്. പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഇളവുണ്ട്. പങ്കെടുക്കാൻ താൽപര്യമുള്ളവർ http://kied.infot/rainingcalender/ ൽ നവംബർ 10 നകം അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 30 പേർ ഫീസടച്ചാൽ മതി. വിശദവിവരങ്ങൾക്ക്: 04842532890, 0484 2550322, 9188922800.

## റേഷൻ മസ്റ്ററിംഗിന് മേരാ ഇകെവൈസി ആപ്

റേഷൻ മസ്റ്ററിംഗ് (e-KYC updation) മൊബൈൽ ഫോൺ ഉപയോഗിച്ച് ചെയ്യുന്നതിനായി നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ വികസിപ്പിച്ചെടുത്ത മേരാ ഇകെവൈസി ഫെയ്സ് ആപ് ഉപയോഗിക്കാം. ഈ ആപ് മുഖേന റേഷൻ മസ്റ്ററിംഗ് ആദ്യമായി നടത്തുന്ന സംസ്ഥാനമാണ് കേരളം. ഇതിലേക്കായി ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നും അമറവമമ്യ എമരല ഞഉ, ങല്യമ ലഗഥഇ എന്നീ രണ്ട് ആപ്പുകൾ ഡൗൺലോഡ് ചെയ്യുക. മേരാ ഇകെവൈസി ആപ്പ് ഓപ്പൺ ചെയ്ത് സംസ്ഥാനം തിരഞ്ഞെടുത്ത് ആധാർ നമ്പർ എന്റർ ചെയ്യുക. തുടർന്ന് ആധാറുമായി ലിങ്ക് ചെയ്തിട്ടുള്ള ഫോണിൽ ലഭിക്കുന്ന ഛഠജ നൽകി ഫെയ്സ് കാപ്ച്ചർ വഴി മസ്റ്ററിംഗ് പൂർത്തിയാക്കാം. മേരാ ഇകെവൈസി ആപ് ഉപയോഗിച്ച് പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ പൂർണ്ണമായും സൗജന്യമായി മസ്റ്ററിംഗ് ചെയ്യും. മസ്റ്ററിംഗ് ഇതുവരെ ചെയ്യാത്ത ഗുണഭോക്താക്കൾക്ക് ഈ സേവനം താലൂക്ക് സപ്ലൈ ഓഫീസ് മുഖാന്തിരം സൗജന്യമായി ലഭിക്കും. ഇതിനായി താലൂക്ക് സപ്ലൈ ഓഫീസുമായി ബന്ധപ്പെടുക. മറ്റേതെങ്കിലും സ്ഥാപനമോ വ്യക്തികളോ ഫീസ് ഈടാക്കി റേഷൻ മസ്റ്ററിംഗ് നടത്തുന്നപക്ഷം വിവരം താലൂക്ക് സപ്ലൈ ഓഫീസിലോ ജില്ലാ സപ്ലൈ ഓഫിസിലോ സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലോ അറിയിക്കണമെന്ന് പൊതുവിതരണ ഉപഭോക്തൃ കമ്മീഷണർ അറിയിച്ചു.

# യുവാവിനെ കുത്തിക്കൊന്ന കേസ്: ഒളിവിലായിരുന്ന പ്രതി അറസ്റ്റിൽ

ചാത്തന്നൂർ: കണ്ണനല്ലൂർ വെളിച്ചിക്കാലയിൽ യുവാവിനെ കുത്തിക്കൊന്ന കേസിൽ ഒളിവിലായിരുന്ന ഒരു പ്രതി കൂടി അറസ്റ്റിൽ. രണ്ടാം പ്രതി വെളിച്ചിക്കാല മേലേ വയൽ ചരുവിള വീട്ടിൽ ഷെഫീക്ക് (35) ആണ് പിടിയിലായത്. മലപ്പുറത്ത് ഒളിവിലായിരുന്ന ഇയാൾ ഇന്നലെ രാവിലെ വീട്ടിലേക്ക് പോകാനായി എത്തിയപ്പോൾ കൈതക്കുഴി ഭാഗത്ത് വച്ചാണ് കണ്ണനല്ലൂർ പോലീസ് അറസ്റ്റ് ചെയ്തത്. കേസിൽ മൂന്നു പ്രതികൾ നേരത്തെ അറസ്റ്റിലായിരുന്നു .

വെളിച്ചിക്കാല വാറുവിള വീട്ടിൽ സദാം (33), വെളിച്ചിക്കാല സബീല മൻസിലിൽ അൻസാരി (34), വെളിച്ചിക്കാല നൂർജി നിവാസിൽ നൂറുദീൻ (42) എന്നിവരെയാണ് നേരത്തെ പോലീസ് പിടികൂടിയത്. ഇവർ റിമാൻഡിലാണ്. കണ്ണനല്ലൂർ മുട്ടയ്ക്കാവ് ചാത്തൻറഴികത്ത് വീട്ടിൽ നവാസിനെ(35)യാണ് കഴിഞ്ഞ 27 ന് രാത്രി സംഘം കുത്തിക്കൊന്നത്. രാത്രി 9.45ന് വെളിച്ചിക്കാല ജംഗ്ഷനിലായിരുന്നു അക്രമം.നവാസിന്റെ ബന്ധുവായ നബീലിനേയും സുഹൃത്ത് അനസിനേയും പ്രതികൾ മർദിച്ച വിവരമറിഞ്ഞ് സംഭവസ്ഥലത്തേക്ക് ബൈക്കിൽ എത്തിയപ്പോൾ എട്ടുപേരോളം വരുന്ന സംഘമാണ് ആക്രമിച്ചത്. ഒന്നാംപ്രതി സദാം കത്തികൊണ്ട് നവാസിന്റെ വയറ്റിൽ കുത്താൻ ശ്രമിച്ചു. ഒഴിഞ്ഞുമാറുന്നതിനിടെ കഴുത്തിനു പിന്നിൽ കുത്തുകയായിരുന്നു.കുത്തേറ്റ നവാസ് സമീപത്തെ കടയിലേക്ക് ഓടിക്കയറി. തുടർന്ന് സമീപത്തെ സ്വകാര്യ മെഡിക്കൽ കോളജ് ആശുപത്രിയിൽഎത്തിച്ചപ്പോഴേക്കും മരിച്ചു. നബീലും അനസും സുഹൃത്തിന്റെ വീട്ടിലെ ഗൃഹപ്രവേശന ചടങ്ങിൽ പങ്കെടുത്തു മടങ്ങുന്പോൾ ടിബി ജംഗ്ഷനിൽ വച്ച് രണ്ടാംപ്രതി ഷെഫീക്ക് ബൈക്കിന് കൈകാണിച്ചു. നിർത്താതെ പോയതിനാൽ അസഭ്യം വിളിച്ചു. ഇത് ചോദ്യം ചെയ്തപ്പോഴാണ് ഷെഫീക്കും നൂറുദീനും ചേർന്ന് ഇരുവരേയും മർദിച്ചതെന്ന് പോലീസ് പറഞ്ഞു.നബീലും അനസും ബൈക്കിൽ രക്ഷപ്പെട്ട് കണ്ണനല്ലൂർ പോലീസിൽ പരാതി നൽകി. തങ്ങളെ മർദിക്കുന്നെന്ന് നബീൽ നവാസിനെ ഫോൺ വിളിച്ച് അറിയിച്ചിരുന്നു. മർദിച്ചവരെ തേടി നവാസ് ബൈക്കിൽ വെളിച്ചിക്കാലയിൽ എത്തിയപ്പോഴാണ് കൊലപാതകം നടന്നതെന്ന് പോലീസ് പറഞ്ഞു.

എസ്എച്ച്ഒ രാജേഷ്, എസ്ഐമാരായ ജിബി, ഹരി സോമൻ, സിപിഒമാരായ പ്രജേഷ്, മുഹമ്മദ് ഹുസൈൻ, നുജുമുദീൻ എന്നിവർ അടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

## വയനാട് ജില്ലയിലെ കർഷകരുടെ സിറ്റിംഗ്

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ നവംബർ മാസത്തിൽ വയനാട് ജില്ലയിലെ കർഷകരുടെ സിറ്റിംഗ് നടത്തുന്നു. എറണാകുളം സർക്കാർ അതിഥി മന്ദിരത്തിൽ ഓൺലൈനായി നവംബർ 14, 15, 16 തീയതികളിലാണ് സിറ്റിംഗ്. രാവിലെ 9 മണിക്ക് ആരംഭിക്കുന്ന സിറ്റിങ്ങിൽ ചെയർമാൻ ജസ്റ്റിസ് (റിട്ട.) കെ. അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും. പ്രസ്തുത തീയതികളിൽ ഹാജരാകുന്നതിനായി അപേക്ഷകർക്കും ധനകാര്യ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ചിട്ടുണ്ട്. ഹിയറിംഗിന് ഹാജരാകുവാൻ നോട്ടീസ് ലഭിച്ചവർ ആവശ്യമായ രേഖകൾ സഹിതം കൃത്യസമയത്ത് ഹാജരാകണം.

## കീം: അന്തിമ റാങ്ക് ലിസ്റ്റും കാറ്റഗറി ലിസ്റ്റും പ്രസിദ്ധീകരിച്ചു

2024ലെ ആയുർവേദ, ഹോമിയോപ്പതി,സിദ്ധ, യുനാനി കോഴ്സ് പ്രവേശനത്തിനായി ഒഴിവുള്ള സീറ്റിലേക്ക് പുതുതായി അപേക്ഷ സമർപ്പിച്ച വിദ്യാർഥികളെയും ഉൾപ്പെടുത്തികൊണ്ടുള്ള പുതുക്കിയ അന്തിമ റാങ്ക് ലിസ്റ്റും കാറ്റഗറി ലിസ്റ്റും ംംം.രലല.സലൃമഹമ.ഴീ.ശി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും വിദ്യാർഥികൾ അതാത് കോഴ്സുകളിലേക്കുള്ള യോഗ്യതാ മാനദണ്ഡവും 2024 വർഷത്തെ നീറ്റ് യു.ജി ഇൻഫർമേഷൻ ബുള്ളറ്റിൽ പ്രകാരമുള്ള യോഗ്യതാമാനദണ്ഡവും പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസ് ക്ലോസ് 6.2 പ്രകാരമുള്ള യോഗ്യതകളും പ്രവേശന സമയത്ത് നേടിയിരിക്കണം. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04712525300.

## പിന്നാക്ക വിഭാഗ കമ്മീഷൻ സിറ്റിങ്

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ നവംബർ 11 ന് രാവിലെ 11 ന് കാസർഗോഡ് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ സിറ്റിങ് നടത്തും.

മാളവ സമുദായത്തെ ഒബിസി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട ഹർജി, വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് നാഷണൽ വിശ്വകർമ്മ ഫെഡറേഷൻ കാസർഗോഡ് ജില്ലാ സെക്രട്ടറി പി കെ വിജയൻ സമർപ്പിച്ച ഹർജി, കണയാൻകണിശ വിഭാഗത്തെ ഒബിസിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് അൻവിത കെ ആർ സമർപ്പിച്ച ഹർജി എന്നിവ സിറ്റിങ്ങിൽ പരിഗണിക്കും. കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജി ശശിധരൻ, മെമ്പർമാരായ സുബൈദാ ഇസ്ഹാക്ക്, ഡോ എ വി ജോർജ്, കമ്മീഷൻ മെമ്പർ സെക്രട്ടറി എന്നിവർ പങ്കെടുക്കും.

## ഭിന്നശേഷി സംവരണം: ഫംഗ്ഷണാലിറ്റി അസ്സസ്മെന്റ് കരട് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു

ഭിന്നശേഷിക്കാർക്ക് നിയമനത്തിന് അനുയോജ്യമായി വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പ്രവേശന തസ്തികകളിലേക്ക് ആവശ്യമായ ഫിസിക്കൽ ഫംഗ്ഷണാലിറ്റി അസ്സസ്മെന്റ് കരട് റിപ്പോർട്ട് സാമൂഹ്യനീതി വകുപ്പ് പ്രസിദ്ധീകരിച്ചു. sjd.kerala.gov.in, www.nish.ac.in എന്നീ വെബ്സൈറ്റുകളിൽ പരിശോധിച്ച് പൊതുജനങ്ങൾക്കും സംഘടനകൾക്കും അഭിപ്രായം അറിയിക്കാം.

അഭിപ്രായങ്ങൾ swdkerala@gmail.com, rpnish@nish.ac.in എന്നീ ഇമെയിൽ വിലാസങ്ങളിലോ ആർ.പി.ഡബ്ല്യൂ.ഡി പ്രോജക്ട് സെൽ, ഡയറക്ടറേറ്റ് ഓഫ് സോഷ്യൽ ജസ്റ്റീസ്, വികാസ് ഭവൻ, അഞ്ചാംനില, പി.എം.ജി, തിരുവനന്തപുരം 691033 എന്ന വിലാസത്തിൽ തപാൽ വഴിയോ അറിയിക്കാം. നവംബർ 23ന് വൈകിട്ട് 5നു മുമ്പായി അഭിപ്രായം അറിയിക്കണം.

## കെൽട്രോണിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ

കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, കംപ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്ക് മെയിന്റനൻസ്, ഡിസിഎ, പിജിഡിസിഎ, മൊബൈൽ ഫോൺ ടെക്നോളജി, മോണ്ടിസോറി ടീച്ചേഴ്സ് ട്രയിനിങ്, ഡിജിറ്റൽ മാർക്കറ്റിങ്, അക്കൗണ്ടിങ് കോഴ്സുകളിലാണ് പ്രവേശനം. വിശദവിവരങ്ങൾക്ക് തിരുവനന്തപുരത്തുള്ള സ്പെൻസർ ജങ്ഷനിലെ കെൽട്രോൺ നോളഡ്ജ് സെന്ററിൽ നേരിട്ടോ 04712337450, 04712320332 നമ്പറുകളിലൂടെയോ ബന്ധപ്പെടുക.

## എംപിമാരുടെ കോൺഫറൻസ് 21 ന്

പാർലമെന്റിലെ ശീതകാല സമ്മേളനത്തിനു മുന്നോടിയായി എംപിമാരുടെ സമ്മേളനം നവംബർ 21 ന് രാവിലെ 10.30ന് തൈക്കാട് സർക്കാർ അതിഥി മന്ദിരത്തിൽ നടക്കും.

# പാക്കിസ്ഥാനിൽ ചൈനീസ് പൗരന്മാർക്ക് വെടിയേറ്റു

കറാച്ചി: പാക്കിസ്ഥാനിൽ സുരക്ഷാ ഗാർഡിന്റെ വെടിയേറ്റ് രണ്ട് ചൈനീസ് പൗരന്മാർക്കു പരിക്കേറ്റു. സിന്ധ് പ്രവിശ്യയിലെ കറാച്ചിയിലെ ഇൻഡസ്ട്രിയൽ ട്രേഡിംഗ് എസ്റ്റേറ്റ് ഏരിയയിലെ പോലീസ് സ്റ്റേഷനിലാണു സംഭവം. ഇരുവരെയും ഉടൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

പരിക്കേറ്റവരിൽ ഒരാളുടെ നില ഗുരുതരമാണ്. സംഭവത്തെക്കുറിച്ച് അന്വേഷിക്കുകയാണെന്ന് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് അസ്ഹർ മഹേസർ പറഞ്ഞു.

വിദേശികൾക്കു സുരക്ഷ നൽകുന്ന കന്പനികൾ ഓഡിറ്റ് ചെയ്യണമെന്നും റിപ്പോർട്ട് അവലോകനത്തിന് അയയ്ക്കണമെന്നും ആഭ്യന്തരമന്ത്രി സിയാവുൽ ഹസൻ ലഞ്ചാർ അധികൃതർക്ക് നിർദേശം നൽകി. ഈ വർഷം കറാച്ചിയിൽ വിദേശ പൗരന്മാർക്കു നേരേ നടക്കുന്ന മൂന്നാമത്തെ ആക്രമണമാണിത്.

60 ബില്യൺ യുഎസ് ഡോളറിന്റെ ചൈനപാക്കിസ്ഥാൻ സാന്പത്തിക ഇടനാഴിയുടെ (സിപിഇസി) കീഴിലുള്ള നിരവധി പദ്ധതികളിൽ ആയിരക്കണക്കിന് ചൈനീസ് ഉദ്യോഗസ്ഥർ പാക്കിസ്ഥാനിൽ ജോലി ചെയ്യുന്നുണ്ട്.

ചൈനീസ് പൗരന്മാടെ സുരക്ഷ സംബന്ധിച്ച പ്രശ്നം പാക്കിസ്ഥാനും ചൈനയും തമ്മിലുള്ള ചർച്ചാവിഷയമാണ്.

## സ്കോളർഷിപ്പ് തീയതി നീട്ടി

കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന കേന്ദ്ര സാമൂഹിക നീതി മന്ത്രാലയം നടപ്പിലാക്കുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഫോർ സ്റ്റുഡന്റ്സ് വിത്ത് ഡിസബിലിറ്റീസ് സ്കോളർഷിപ്പിനായി വെബ്സൈറ്റിലൂടെ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. അവസാന തീയതി നവംബർ 15ഉം ഓൺലൈൻ വെരിഫിക്കേഷനു നവംബർ 30 മായി നീട്ടി. വിശദവിവരങ്ങൾക്ക് : 9446096580,

## പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു

കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആൻഡ് പ്രൊസീജിയറിന്റെ 2024 ലെ പരീക്ഷാ ഫലം പ്രഖ്യാപിച്ചു. 2024ലെ പരീക്ഷയിൽ പത്താമത് ബാച്ചിൽ ഫർസാന പർവീൺ ആർ. ഒന്നാം റാങ്കും പ്രിയ എൽ. ആർ. രണ്ടാം റാങ്കും ശ്യാം സൂരജ് എസ്. ആർ. മൂന്നാം റാങ്കും കരസ്ഥമാക്കി. പരീക്ഷഫലം നിയമസഭ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പുനർനിർണയത്തിന് ആഗ്രഹിക്കുന്ന പഠിതാക്കൾ നവംബർ 20ന് മുമ്പായി അപേക്ഷ സമർപ്പിക്കണം.

ഫോൺ: 0471 2512662/2453.

## പുനഃപരീക്ഷ

ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനിയറിങ് ഡിപ്ലോമ അഞ്ചാം സെമസ്റ്റർ വിദ്യാർഥികൾക്കായി നവംബർ 11 ന് നടത്തിയ ഇലക്ട്രിസിറ്റി ജനറേഷൻ, ട്രാൻസ്മിഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ (5032 റിവിഷൻ 2021) പരീക്ഷ സാങ്കേതിക കാരണങ്ങളാൽ റദ്ദ് ചെയ്തിരുന്നു. ആയതിന്റെ പുനഃപരീക്ഷ നവംബർ 14 ന് രാവിലെ 9.30 മുതൽ 12.30 വരെ പരീക്ഷാ കൺട്രോളർ അറിയിച്ചു.

# അതിജീവിതയും പ്രതിയും ഒത്തുതീർപ്പിലെത്തിയാലും കേസ് അവസാനിക്കില്ല': പീഡനക്കേസുകളിൽ നിർണായക ഉത്തരവ്

ന്യൂഡൽഹി: ലൈംഗികാതിക്രമ കേസുകളിൽ അതിജീവിതയും പ്രതിയും ഒത്തുതീർപ്പിലെത്തിയാലും കേസ് അവസാനിപ്പിക്കാൻ സാധിക്കില്ലെന്ന് സുപ്രീം കോടതി. 2022ൽ രാജസ്ഥാനിലെ ഗംഗാപുർ സിറ്റിയിലുണ്ടായ ഒരു കേസ് പരിഗണിച്ചാണ് സുപ്രീം കോടതിയുടെ നിർണായക ഉത്തരവ്. കേസുമായി ബന്ധപ്പെട്ട രാജസ്ഥാൻ ഹൈക്കോടതിയുടെ വിധി സുപ്രീം കോടതി റദ്ദാക്കി.

സർക്കാർ ഉദ്യോഗങ്ങളിലേക്കുള്ള നിയമന നടപടികൾ ഉദ്യോഗാർഥികളെ മുൻകൂട്ടി അറിയിക്കണം: സുപ്രീം കോടതി

പ്രായപൂർത്തിയാകാത്ത ദലിത് പെൺകുട്ടിയെ അധ്യാപകൻ ലൈംഗികമായി ഉപദ്രവിച്ചെന്ന പരാതിയിൽ പൊലീസ് കേസെടുത്തിരുന്നു. ഇതിൽ നടപടിക്രമങ്ങളെല്ലാം പൊലീസ് പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ പ്രതിയായ അധ്യാപകൻ പിന്നീട് അതിജീവിതയുടെ കുടുംബത്തിന്റെ പക്കൽ നിന്ന് പരാതിയില്ലെന്ന് എഴുതിവാങ്ങി. കേസ് തെറ്റിദ്ധാരണയുടെ പേരിൽ ഉണ്ടായതാണെന്നും നടപടിക്രമങ്ങൾ ഇനി ആവശ്യമില്ലെന്നും സ്റ്റാംപ് പേപ്പറിലാണ് എഴുതിവാങ്ങിയത്.

ഇതു സ്വീകരിച്ച പൊലീസ് നടപടിക്രമങ്ങളെല്ലാം നിർത്തിവയ്ക്കുകയും കേസ് അവസാനിപ്പിക്കുകയും ചെയ്തു. രാജസ്ഥാൻ ഹൈക്കോടതിയും ഇതോടെ പ്രതിയായ അധ്യാപകനെ വെറുതെവിടുകയായിരുന്നു.

നടപടി ചോദ്യം ചെയ്ത്, രാംജി ലാൽ ബൈർവാ എന്ന സാമൂഹികപ്രവർത്തകൻ സുപ്രീം കോടതിയെ സമീപിച്ചതോടെയാണ്, സുപ്രധാനമായ നിരീക്ഷണമുണ്ടായത്.

രാജസ്ഥാൻ ഹൈക്കോടതിയുടെ വിധി റദ്ദാക്കിയ സുപ്രീം കോടതി, അധ്യാപകനെതിരെ വീണ്ടും കേസെടുത്ത് അന്വേഷണം നടത്താനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

# യുപിയിലെ ബുൾഡോസർ നടപടിക്കു തിരിച്ചടി; സ്വകാര്യവ്യക്തിയുടെ വീടു പൊളിച്ചതിന് 25 ലക്ഷം നഷ്ടപരിഹാരം

ന്യൂഡൽഹി: നിയമപരമായ നടപടിക്രമങ്ങൾ പാലിക്കാതെ സ്വകാര്യവ്യക്തിയുടെ വീട് പൊളിച്ച ഉത്തർപ്രദേശ് സർക്കാരിനെതിരേ രൂക്ഷവിമർശനവുമായി സുപ്രീംകോടതി. നിയമപരിരക്ഷയില്ലാതെ ഇത്തരത്തിൽ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നത് കടന്ന കൈയാണെന്ന് ചീഫ് ജസ്റ്റീസ് ഡി. വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് നിരീക്ഷിച്ചു.

നിയമനടപടികൾ പാലിക്കാതെയും നോട്ടീസ് നൽകാതെയും എങ്ങനെയാണ് ഒരാളുടെ വീട് പൊളിച്ചു മാറ്റാൻ സാധിക്കുന്നതെന്ന് കോടതി യുപി സർക്കാരിനോട് ചോദിച്ചു. 25 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകാനും സംസ്ഥാന സർക്കാരിനോട് കോടതി ഉത്തരവിട്ടു. ഒരു മാസത്തിനകം ഉത്തരവ് നടപ്പാക്കണം.

ഹൈവേ കൈയേറിയെന്നാരോപിച്ച് മുൻകൂർ അറിയിപ്പോ വിശദീകരണമോ നൽകാതെ സംസ്ഥാനസർക്കാർ വീട് പൊളിച്ചുമാറ്റിയെന്നതാണു കേസ്. അതേസമയം റോഡ് നിർമാണത്തിലെ ക്രമക്കേടിനെക്കുറിച്ച് മാധ്യമങ്ങളെ അറിയിച്ചതിന്റെ പ്രതികാരനടപടിയായാണ് യുപി സർക്കാർ വീട് പൊളിച്ചുമാറ്റിയതെന്ന് ഹർജിക്കാരൻ കോടതിയിൽ വ്യക്തമാക്കി. നിയമപരമായ എല്ലാ രേഖകളും സമർപ്പിച്ചാൽ കേസ് മാറ്റിവയ്ക്കാനുള്ള സംസ്ഥാന സർക്കാരിന്റെ അഭ്യർഥനയും കോടതി തള്ളി. ഹൈവേ വികസനത്തിന്റെ ഭാഗമായാണു നടപടിയെന്നത് തെളിയിക്കാൻ സർക്കാരിനു സാധിച്ചില്ല. സംസ്ഥാനങ്ങൾക്കുള്ള നിർദേശങ്ങൾ

* റോഡിന്റെ നിലവിലെ വീതി സംസ്ഥാനം കൃത്യമായി മനസിലാക്കിയിരിക്കണം
* കൈയേറ്റം കണ്ടെത്തിയാൽ പൊളിച്ചുമാറ്റാൻ നോട്ടീസ് നൽകണം
* എതിർപ്പ് ഉന്നയിച്ചാൽ ചർച്ചയിലൂടെ സ്വഭാവികനീതി ഉറപ്പാക്കണം
* പരിഹരിക്കപ്പെട്ടില്ലെങ്കിൽ കൈയേറ്റം നീക്കം ചെയ്യാൻ കൈയേറ്റക്കാരൻ ന്യായമായ സമയം അനുവദിക്കണം

# ഇനി മത്സരിക്കാനില്ല; തെരഞ്ഞെടുപ്പിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച് ശരദ് പവാർ

മുംബൈ: ഇനി ഒരു തെരഞ്ഞെടുപ്പിലും മത്സരിക്കാനില്ലെന്ന പ്രഖ്യാപനവുമായി എൻസിപി അധ്യക്ഷൻ ശരദ് പവാർ. ബരാമതിയിൽ നടത്തിയ തെരഞ്ഞെടുപ്പ് യോഗത്തിലാണ് പവാർ വിരമിക്കൽ പ്രഖ്യാപിച്ചത്. പുതുതലമുറയ്ക്കാവശ്യമായ നിർദേശങ്ങൾ നൽകി മുമ്പോട്ട് പോകും. എന്നാൽ രാജ്യസഭയിൽ ഉണ്ടാകും.

ഒന്നരവർഷത്തോളം കാലാവധി ഇനിയും ബാക്കിയുണ്ട്. അതിനു ശേഷം രാജ്യസഭയിലേക്ക് പോകണോ വേണ്ടയോ എന്ന കാര്യം ആലോചിക്കുമെന്നും അദ്ദേഹം പറഞ്ഞു. പതിനാല് തവണ തവണ മത്സരിച്ചു. ഒരിക്കൽ പോലും നിങ്ങളെന്നെ തിരികെ വീട്ടിലേക്ക് അയച്ചിട്ടില്ല. ഓരോ പ്രാവശ്യവും നിങ്ങളെന്നെ തെരഞ്ഞെടുത്തു. പക്ഷെ ഇപ്പോൾ എനിക്കെവിടെയെങ്കിലും ഇത് അവസാനിപ്പിക്കണം. എന്നാൽ അതുകൊണ്ട് അർഥമാക്കുന്നത് പൊതുപ്രവർത്തനം അവസാനിപ്പിക്കും എന്നല്ല. എനിക്ക് അഅധികാരം വേണ്ട. ജനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.

1999ലാണ് കോൺഗ്രസ് വിട്ട് ശരദ് പവാർ എൻസിപി രൂപീകരിച്ചത്. നാല് തവണ മഹാരാഷ്ട്ര മുഖ്യമന്ത്രിയായി പവാർ യുപിഎ സർക്കാർ കാലത്ത് പ്രതിരോധം, കൃഷി തുടങ്ങിയ വകുപ്പുകളും കേന്ദ്രത്തിൽ കൈകാര്യം ചെയ്തിട്ടുണ്ട്.

# പിഎം വിദ്യാലക്ഷ്മി പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം

ന്യൂഡൽഹി: രാജ്യത്തെ 22 ലക്ഷത്തോളം വിദ്യാർഥികൾക്ക് ഉപകാരപ്രദമാകുമെന്നു പ്രതീക്ഷിക്കുന്ന പ്രധാനമന്ത്രി വിദ്യാലക്ഷ്മി പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി. രാജ്യത്തെ 860 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉന്നതവിദ്യാഭ്യാസം നേടാനാഗ്രഹിക്കുന്ന, സാന്പത്തികഞെരുക്കം അനുഭവിക്കുന്ന വിദ്യാർഥികളെ ലക്ഷ്യം വച്ചുള്ളതാണ് പദ്ധതി.

വിദ്യാർഥികൾക്ക് ഈടില്ലാത്തതും ഗ്യാരൻറർ ആവശ്യമില്ലാത്തതുമായ വിദ്യാഭ്യാസ ലോണുകൾ പദ്ധതി വഴി ലഭിക്കും. ബാങ്കുകളെ പിന്തുണയ്ക്കുന്നതിനായി 7.5 ലക്ഷം വരെയുള്ള വായ്പാത്തുകകൾക്ക് 75 ശതമാനം ക്രെഡിറ്റ് ഗാരൻറി കേന്ദ്രസർക്കാർ നൽകും. സുതാര്യവും എളുപ്പവുമായ രീതിയിൽ 'ജങ ഢശര്യമഹ മസവൊശ' പോർട്ടൽ വഴി ഓൺലൈനായി വിദ്യാർഥികൾക്ക് ലോണിന് അപേക്ഷിക്കാം. പദ്ധതിക്കായി 202425 മുതൽ 203031 വരെ 3,600 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപങ്ങളിൽ പ്രവേശനം നേടിയ വിദ്യാർഥികൾക്ക് പഠനത്തിന് ലോൺ ആവശ്യമാണെങ്കിൽ പദ്ധതിക്കായി അപേക്ഷിക്കാം.

സർക്കാർ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസം നേടിയെത്തുന്ന വിദ്യാർഥികൾക്കും തൊഴിലധിഷ്ഠിത, സാങ്കേതിക കോഴ്സുകൾ തെരഞ്ഞെടുക്കുന്നവർക്കും മുൻഗണന ലഭിക്കും.4.5 ലക്ഷം കുടുംബ വാർഷിക വരുമാനമുള്ള വിദ്യാർഥികൾക്ക് നിലവിൽ ലഭിക്കുന്ന പലിശരഹിത വായ്പ തന്നെ തുടരും. എട്ടു ലക്ഷം വരെ കുടുംബ വാർഷികവരുമാനമുള്ള വിദ്യാർഥികൾക്ക് പത്തു ലക്ഷം വരെയുള്ള വായ്പയ്ക്ക് മോറട്ടോറിയത്തോടുകൂടി മൂന്നു ശതമാനം പലിശ ഇളവ് ലഭിക്കും. എല്ലാ വർഷവും ഉന്നത വിദ്യാഭ്യാസ വകുപ്പ് രാജ്യത്തെ നിലവാരമുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക പുറത്തിറക്കാറുണ്ട്. ഇവയിൽ ആദ്യ 100 റാങ്കുള്ള സ്ഥാപനങ്ങളിൽ വായ്പ ലഭ്യമാകും.

ഇതുകൂടാതെ സംസ്ഥാനതലത്തിൽ 101 മുതൽ 200 വരെ റാങ്കിലെത്തുന്ന സ്ഥാപനങ്ങളിലും കേന്ദ്രസർക്കാരിനു കീഴിലുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർഥികൾക്ക് പിഎം വിദ്യാലക്ഷ്മി പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കും.

# ലൈറ്റ് മോട്ടോർ ലൈസൻസുള്ളവർക്ക് 7500 കിലോഗ്രാം വരെ ഭാരമുള്ള വാഹനങ്ങൾ ഓടിക്കാം സുപ്രീം കോടതി

ന്യൂഡൽഹി: ലൈറ്റ് മോട്ടർ വെഹിക്കിൾ ഡ്രൈവിങ് ലൈസൻസ് ഉള്ളവർക്ക് ബാഡ്ജ് ഇല്ലാതെ ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കാം എന്ന് സുപ്രീം കോടതി ഭരണഘടന ബെഞ്ച്. 7500 കിലോയിൽ കുറഞ്ഞ ട്രാൻസ്പോർട്ട് വാഹനങ്ങൾ ആണ് ഫോർവീലർ ഡ്രൈവിങ് ലൈസൻസ് ഉള്ളവർക്ക് മറ്റ് രേഖകൾ കൂടാതെ ഓടിക്കാൻ സാധിക്കുക. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ സുപ്രീം കോടതി ഭരണഘടന ബെഞ്ചിന്റേത് ആണ് ഉത്തരവ്. ലൈസൻസുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ എൽ. എം. വികളെയും, ഭാര വാഹനങ്ങളെയും ഒന്നായി കാണാമെന്നും സുപ്രീം കോടതി വ്യക്തമാക്കി. ഇതോടെ ചെറിയ ടിപ്പറുകൾ, ട്രാവലറുകൾ എന്നിവ ഓടിക്കാൻ ലൈറ്റ് മോട്ടർ വെഹിക്കിൾ ഡ്രൈവിങ് ലൈസൻസ് ഉണ്ടായാൽ മതി. 2017ലെ മൂന്നംഗ ബെഞ്ചിന്റെ വിധി ശരിവെച്ചാണ് അഞ്ചംഗ ബെഞ്ചിന്റെ വിധി. ഇൻഷുറൻസ് കമ്പനിയായ ബജാജ് അലിയൻസ് നൽകിയ അപ്പീൽ പരിഗണിച്ചാണ് സുപ്രീം കോടതി ഉത്തരവ്. ലൈറ്റ് വെഹിക്കിൾ ലൈസൻസിൽ ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ വിശദീകരണം തേടിയ ശേഷമാണ് കോടതി ഉത്തരവ്. 7500 കിലോഗ്രാമിൽ കൂടുതൽ ഭാരമുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് മാത്രമേ അധിക യോഗ്യതാ ആവശ്യമുള്ളൂവെന്ന് കോടതി വ്യക്തമാക്കി. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡിന്റെ നേതൃത്വത്തിലുള്ള ജസ്റ്റിസ് ഹൃഷികേശ് റോയ്, ജസ്റ്റിസ് പി എസ് നരസിംഹ, ജസ്റ്റിസ് പങ്കജ് മിത്തൽ, ജസ്റ്റിസ് മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ചാണ് വിധി പ്രസ്താവിച്ചത്.

# സ്കൂൾ കായികമേള: അത്‌ലറ്റിക്സിൽ ആദ്യ സ്വർണം മുഹമ്മദ് സുൽത്താന്

കൊച്ചി: സംസ്ഥാന സ്കൂൾ കായിക മേളയിൽ എറണാകുളം മഹാരാജാസ് കോളജ് സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്കിൽ കൗമാരക്കുതിപ്പിന് ഇന്ന് രാവിലെ തുടക്കമായി. രാവിലെ 6.10നാണ് അത്‌ലറ്റിക് മത്സരങ്ങൾ ആരംഭിച്ചത്.

അത്‌ലറ്റിക്സിൽ തീപാറുന്ന പോരാട്ടം കാഴ്ചവച്ച് ആദ്യ സ്വർണം മലപ്പുറം കടകശേരി ഐഡിയൽ ഇൻറർ നാഷണൽ സ്കൂളിലെ മുഹമ്മദ് സുൽത്താന്. സീനിയർ ആൺകുട്ടികളുടെ 5000 മീറ്റർ നടത്തത്തിലാണ് മുഹമ്മദ് സ്വർണം നേടിയത്. മഹാരാജാസ് കോളജിലെ സിന്തറ്റിക് ട്രാക്കിലാണ് അത് ലറ്റിക്സ് മത്സരങ്ങൾ രാവിലെ 6.10 മുതലാണ് ആരംഭിച്ചത്.

സീനിയർ പെൺകുട്ടികളുടെ 3000 മീറ്റർ നടത്തത്തിൽ മലപ്പുറം ആലത്തിയൂർ കെഎച്ച്എംഎച്ച്എസ്എസിലെ കെ. പി. ഗീതു സ്വർണം നേടി. ജൂണിയർ ബോയ്സ് 3000 മീറ്റർ ഓട്ടത്തിൽ പാലക്കാട് മുണ്ടൂർ എച്ച്എസ്എസിലെ എസ്. ജഗന്നാഥനാണ് സ്വർണം.

ജൂണിയർ ഗേൾസ് 3000 മീറ്റർ ഓട്ടത്തിൽ പാലക്കാട് മുണ്ടൂർ എച്ച് എസ് എസിലെ എസ്. അർച്ചന സ്വർണം നേടി. സീനിയർ ബോയ്സ് 3000 മീറ്റർ ഓട്ടത്തിൽ മലപ്പുറം കെകെഎംഎച്ച് എസ് എസിലെ മുഹമ്മദ് അമീൻ സ്വർണം നേടി. സീനിയർ ഗേൾസ് 3000 മീറ്റർ ഓട്ടത്തിൽ സ്വർണം കോതമംഗലം മാർ ബേസിൽ ഹയർ സെക്കൻഡറി സ്കൂളിലെ സി. ആർ. നിത്യയ്ക്കാണ് സ്വർണം. അത്‌ലറ്റിക്സിന്റെ ആദ്യ ദിനത്തിൽ15 ഇനങ്ങളുടെ ഫൈനലാണ് നടക്കുന്നത്. ഇന്ന് മീറ്റിലെ ഗ്ലാമർ ഇനങ്ങളിലൊന്നായ 400 മീറ്ററിന്റെ ഫൈനൽ നടക്കും. അഞ്ചു ദിവസങ്ങളിലായി നടക്കുന്ന മത്സരത്തിൽ സബ് ജൂണിയർ, ജൂണിയർ, സീനിയർ വിഭാഗങ്ങളിലായി 98 മത്സര ഇനങ്ങളിലാണ് വിജയികളെ നിശ്ചയിക്കുക.

## വനിതാ കമ്മീഷൻ: മേഖലാ ഓഫീസുകളിലും പരാതി സ്വീകരിക്കും

സംസ്ഥാന വനിതാ കമ്മീഷന്റെ തിരുവനന്തപുരത്തെ ആസ്ഥാന ഓഫീസിനു പുറമേ കോഴിക്കോട്, എറണാകുളം മേഖലാ ഓഫീസുകളിലും പരാതി സ്വീകരിക്കും. വനിതാ കമ്മീഷൻ സംഘടിപ്പിക്കുന്ന ജില്ലാതല അദാലത്ത് കേന്ദ്രങ്ങളിൽ നേരിട്ട് എത്തിയും പരാതി നൽകാവുന്നതാണ്. കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലെ താഴത്തെ നിലയിലാണ് ഉത്തര മേഖലാ ഓഫീസ് പ്രവർത്തിക്കുന്നത്. ഫോൺ: 04972377590. ഇമെയിൽ സംരസസറ@ഴാമശഹ.രീ. മധ്യമേഖലാ ഓഫീസ്: എറണാകുളം കോർപ്പറേഷൻ ബിൽഡിങ്സ്, നോർത്ത് പരമാര റോഡ്, കൊച്ചി18. ഫോൺ: 04842926019, ഇമെയിൽ: kwcekm@gmail.com. പരാതി സംബന്ധമായ അന്വേഷണങ്ങൾക്ക് 04712307589 നമ്പറിൽ ബന്ധപ്പെടാം.

## സ്റ്റാളുകളുടെ ഓൺലൈൻ രജിസ്ട്രേഷൻ

കേരള നിയമസഭ ജനുവരി 7 മുതൽ 13 വരെ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പിൽ (KLIBF-3rd Edition) പങ്കെടുക്കുന്ന പ്രസാധകർക്കായുള്ള സ്റ്റാളുകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. klibf.niyamasabha.org യിൽ 15നകം രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2512263, 9188380058.

## അനുമതി പത്രങ്ങളുടെ ആധികാരത ഉറപ്പുവരുത്തണം: മലിനീകരണ നിയന്ത്രണ ബോർഡ്

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സ്റ്റാട്യൂട്ടറി അധികാരം ഉപയോഗിച്ച് അനുവദിച്ച് നൽകുന്ന നിയമപ്രകാരമുള്ള സ്ഥാപന/പ്രവർത്തന അനുമതി പത്രങ്ങൾ വ്യാജമായി നിർമ്മിക്കുന്നതായി കണ്ടെത്തി. അപേക്ഷകർ ഹാജരാക്കിയ അനുമതി പത്രങ്ങളുടെ ആധികാരിത സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (https://kspcb.keral.gov.in) കൺസന്റ് നമ്പർ പ്രകാരം പരിശോധിച്ചും അനുമതി പത്രത്തിലെ ക്യൂ ആർ കോഡ് സ്കാൻ ചെയ്തും ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും ഉറപ്പ് വരുത്തണം. സംശയനിവാരണങ്ങൾക്ക് 9447977526 എന്ന നമ്പറിലും chn.kspcb.@gmail.com, ms.kspcb@gmail.com എന്നീ ഇമെയിൽ വിലാസത്തിലും ബന്ധപ്പെടാം.

## പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേക്ക് സ്പെഷ്യൽ അലോട്ട്മെന്റ്

202425 അധ്യയന വർഷത്തിലെ പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ് നവംബർ 11 ന് നടക്കും. www.lbscetnre.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിലുള്ള അപേക്ഷകർ നവംബർ എട്ടു മുതൽ 10 വരെ ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കണം. മുൻപ് സമർപ്പിച്ച ഓപ്ഷനുകൾ പരിഗണിക്കില്ല. മുൻ അലോട്ട്മെന്റുകൾ വഴി സർക്കാരിതര കോളേജുകളിൽ പ്രവേശനം നേടിയർ നിരാക്ഷേപ പത്രം രജിസ്ട്രേഷൻ സമയത്ത് അപ്‌ലോഡ് ചെയ്യണം. അലോട്ട്മെന്റ് ലഭിക്കുന്നവർ ഫീസ് ഒടുക്കി നവംബർ 13 നകം പ്രവേശനം നേടണം. അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടാത്തവരെ തുടർന്നുള്ള അലോട്ട്മെന്റുകളിൽ പങ്കെടുപ്പിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക്: 04712560363, 64.

## ഫോട്ടോജേണലിസം ഡിപ്ലോമ: അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സർക്കാരിന്റെ സ്വയംഭരണ സ്ഥാപനമായ കേരള മീഡിയ അക്കാദമി കൊച്ചി, തിരുവനന്തപുരം സെന്ററുകളിൽ നടത്തുന്ന ഫോട്ടോജേണലിസം കോഴ്സിന്റെ 13ാം ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ മൂന്നു മാസമാണ് കാലാവധി. ശനി, ഞായർ ദിവസങ്ങളിലാണ് ക്ലാസുകൾ. ഓരോ സെന്ററിലും 25 സീറ്റുകൾ ഉണ്ട്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 25,000 രൂപയാണ് ഫീസ്.

പ്ലസ്ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ www.keralamediaacademy.org യിലൂടെ സമർപ്പിക്കാം. സർട്ടിഫിക്കറ്റുകളുടെ പകർപ്പും അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 23. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: (കൊച്ചി സെന്റർ) 8281360360, 04842422275, (തിരുവനന്തപുരം സെന്റർ) 9447225524, 04712726275.

## ജൈവവിധ്യ ബോർഡ് പുനർരൂപീകരിച്ചു

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പുനർരൂപീകരിച്ച് ഉത്തരവായി. ഡോ. എൻ അനിൽകുമാർ ആണ് ബോർഡ് ചെയർമാൻ. സെക്രട്ടറി/ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി പരിസ്ഥിതി വകുപ്പ്, സെക്രട്ടറി/ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി ഫിഷറീസ് വകുപ്പ്, സെക്രട്ടറി/ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി വനം വന്യജീവി വകുപ്പ്, അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ കൃഷി വകുപ്പ്, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്നിവരെ എക്സ് ഓഫിഷ്യോ മെമ്പർമാരായി തെരഞ്ഞെടുത്തു. ഡോ ആർ. വി. വർമ്മ, മുൻ ഡയറക്ടർ, കെ.എഫ്.ആർ.ഐ; ഡോ. എസ്.ഡി. ബിജു, പ്രൊഫസർ ഡൽഹി സർവ്വകലാശാല; ഡോ. എ.വി. സന്തോഷ് കുമാർ, പ്രൊഫസർ ആൻഡ് ഹെഡ്, കേരള കാർഷിക സർവ്വകലാശാല; ഡോ. മിനിമോൾ ജെ.എസ്, പ്രൊഫസർ ആൻഡ് ഹെഡ്, കേരള കാർഷിക സർവ്വകലാശാല; പ്രമോദ് ജി കൃഷ്ണൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, കേരള വനം വകുപ്പ് എന്നിവരാണ് നോൺ ഓഫിഷ്യൽ മെമ്പർമാർ.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ശാസ്താംകോട്ട തടാകതീരത്ത് സൗന്ദര്യവത്കരണം; നിർമാണ പ്രവർത്തനം അന്തിമഘട്ടത്തിൽ

കൊല്ലം: തടാകതീരത്തെ നിർമാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിൽ. 90 ലക്ഷം രൂപ ചെലവഴിച്ച് തടാക തീരത്ത് നടപ്പിലാക്കുന്ന സൗന്ദര്യവത്ക്കരണ പ്രവർത്തനങ്ങളുടെ നിർമാണമാണ് അവസാന ഘട്ടത്തിൽ എത്തുന്നത്. തടാകം കാണാൻ എത്തുന്നവർക്ക് യാതൊരുവിധ സൗകര്യങ്ങളും ഇല്ലെന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് ജില്ലാ പഞ്ചായത്ത് ഫണ്ട് പ്രകാരം അമ്പലകടവിൽ മാറ്റങ്ങൾക്ക് നാന്ദി കുറിക്കാൻ തുടങ്ങിയത്.

ഇതിന്റെ ഭാഗമായി വള്ളങ്ങൾ അടുപ്പിക്കുന്ന ഭാഗത്ത് ഉണ്ടായിരുന്ന പഴയ കൽപ്പടവുകൾ പുതുക്കിപണിഞ്ഞു. തൊട്ടടുത്ത് തന്നെ കാത്തിരിപ്പ് കേന്ദ്രവും ഓപ്പൺ ഏയർ ഓഡിറ്റോറിയവുമായി ഉപയോഗിക്കാവുന്ന തരത്തിലുള്ള സ്റ്റേജിന്റെ നിർമാണവും അന്തിമഘട്ടത്തിലാണ്. ഇതിൽ 1982 ൽ നടന്ന തടാക ദുരന്തത്തിന്റെ സിമന്റിൽ തീർത്ത ചിത്രങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്. ഇതിന്റെ മുൻഭാഗത്തുൾപ്പെടെ തറയോട് പാകി കഴിഞ്ഞിട്ടുമുണ്ട്.

ക്ഷേത്രത്തിന് സമീപത്ത് നിന്ന് ആരംഭിച്ച് അമ്പലകടവിൽ അവസാനിക്കുന്നതും ദേവസ്വം ബോർഡിന്റെ അധീനതയിലുള്ളതുമായ കൽപ്പടവുകളിൽ ടൈൽ പാകി. കൽപ്പടവുകളുടെ വശങ്ങളിലും ഇരിപ്പടങ്ങൾ നിർമിക്കാനുള്ള പണി കൾനടന്നു വരുന്നു.

തുടക്കത്തിലുള്ള കമാനത്തിന്റെ നിർമാണവും അന്തിമ ഘട്ടത്തിലാണ്. ആളുകൾക്ക് ഇരിക്കാനുള്ള സ്റ്റീൽ കസേരകൾ എത്തി. അലങ്കാര വിളക്കുകളും സ്ഥാപിച്ചു കഴിഞ്ഞു. പരിസ്ഥിതി ദിനാചരണം അടക്കമുള്ളവയുടെ ഭാഗമായി നട്ട മരങ്ങളും മുളകളും സംരക്ഷിച്ചു വളർത്തുന്നതിനാൽ തടാകതീരം ഹരിതാഭയുമായിട്ടുണ്ട്. നേരത്തേ കോവൂർ കുഞ്ഞുമോൻ എംഎൽഎയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് തടാകതീരത്തേക്കുള്ള റോഡ് സഞ്ചാരയോഗ്യമാക്കിയിരുന്നു. മിനി മാറ്റ്സ് ലൈറ്റും സ്ഥാപിച്ചു. തടാകതീരസൗന്ദര്യവത്കരണ പദ്ധതി പൂർത്തിയാകുമ്പോൾ തടാകം സന്ദർശിക്കാൻ എത്തുന്നവരുടെ എണ്ണം വർധിക്കുമെന്നാണ് പ്രതീക്ഷ.

ഇതിന്റെ മറവിൽ നടക്കുന്ന സാമുഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ നടപടി കൂടി വേണമെന്നാണ് പൊതുജനങ്ങളുടെ അഭിപ്രായം. ഇതിനായി സിസി ടിവി സ്ഥാപിക്കണമെന്നും കാവൽക്കാരെ ഏർപ്പെടുത്തണമെന്നുമാണാവശ്യം.



ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഭരണഭാഷാ വാരാചാരണ സമാപന സമ്മേളനം ജില്ലാ കളക്ടർ അനുകുമാരി ഐ എ എസ് ഉദ്ഘാടനം ചെയ്തു

# അമ്പൂരിയിലെ അങ്കണവാടി നിയമനം; പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് നൽകി

അമ്പൂരി: അങ്കണവാടി നിയമനത്തിൽ പട്ടിക വർഗക്കാരെ അവഗണിച്ചു എന്നാരോപിച്ച് ആദിവാസി വിഭാഗം അമ്പൂരി പഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെ അഞ്ചു ജീവനക്കാരെ രാത്രിവരെ ഓഫീസിൽ പൂട്ടിയിട്ട സംഭവത്തിൽ പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചു.

പഞ്ചായത്ത് സെക്രട്ടറി സുനിൽകുമാറാണ് പഞ്ചായത്ത് ഡയറക്ടറുടെ നിർദേശപ്രകാരം ഇതുസംബന്ധിച്ച് വിശദമായ റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയത്. റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചു. തുടർന്നാകും ഇക്കാര്യത്തിൽ തീരുമാനമുണ്ടാകുക. അങ്കണവാടി നിയമനങ്ങളിൽ പട്ടികവർഗക്കാരെ അവഗണിച്ചെന്നാരോപിച്ച് ഇക്കഴിഞ്ഞ തിങ്കളാഴ്ചയാണ് ആദിവാസി വിഭാഗം പഞ്ചായത്ത് ജീവനക്കാരെ പൂട്ടിയിട്ട് പ്രതിഷേധിച്ചത്.

റാങ്ക് ലിസ്റ്റ് പരിശോധിച്ചു നടപടികൾ സ്വീകരിക്കാമെന്നു സി. കെ. ഹരീന്ദ്രൻ എംഎൽഎ പ്രതിഷേധക്കാർക്ക് ഉറപ്പുനൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതിവകുപ്പും റാങ്ക് ലിസ്റ്റിനെക്കുറിച്ചുള്ള പുനഃപരിശോധന ആരംഭിച്ചു. പഞ്ചായത്തിലെ തൊടുമല വാർഡിലെ ആറ് അങ്കണവാടികളിലായി ആറു വർക്കർമാരെയും 11 ഹെല്പർമാരെയും നിയമിച്ച സംഭവത്തിലാണു വിവാദമുണ്ടായത്. റാങ്ക് ലിസ്റ്റിൽ ഒരു ആദിവാസിയെപ്പോലും ഉൾപ്പെടുത്താത്തതാണ് ഇവരെ പ്രകോപിതരാക്കിയത്. തുടർന്നാണ് വാർഡ് മെമ്പർ അഖില ഷിബുവിന്റെ നേതൃത്വത്തിൽ ശനിയാഴ്ച മുതൽ പഞ്ചായത്ത് ഓഫീസ് കേന്ദ്രീകരിച്ച് പ്രതിഷേധ പരിപാടികൾ ആരംഭിച്ചത്. അതിന്റെ തുടർച്ചയായിരുന്നു ഓഫീസ് പൂട്ടിയിടൽ സമരം.

ആദിവാസി മേഖലയിലെ അഞ്ച് അങ്കണവാടികളിലേക്ക് നിയമനം ലഭിക്കാൻ ആദിവാസി വിഭാഗത്തിൽ നിന്നുള്ള പത്തിലേറെപ്പേർ അപേക്ഷിക്കുകയും അഭിമുഖത്തിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. എന്നാൽ ഇവരിൽ ആർക്കും നിയമനം ലഭിച്ചിരുന്നില്ല. മാനദണ്ഡങ്ങൾ പാലിച്ചാണ് നിയമനം നടത്തിയതെന്ന ഉദ്യോഗസ്ഥരുടെ വാദം സമരക്കാർ അംഗീകരിക്കാൻ തയാറായിരുന്നില്ല. ശനിയാഴ്ച ഉച്ചയ്ക്ക് പഞ്ചായത്ത് ഓഫീസിലെത്തിയ ഐസിഡിഎസ് സൂപ്പർവൈസറെ സമരക്കാർ തടഞ്ഞുവച്ചു.

വൈകുന്നേരത്തോടെ ഇവർക്ക് ബോധക്ഷയം ഉണ്ടായപ്പോൾ നെയ്യാർഡാം പോലീസെത്തി ആശുപത്രിയിലേക്ക് മാറ്റിയിരുന്നു. സമരങ്ങളുമായി ബന്ധപ്പെട്ട് ജീവനക്കാരും സമരക്കാരും പരാതികളുമായി പോലീസിനെ സമീപിച്ചിട്ടുണ്ട്. എന്നാൽ സംഭവത്തിൽ ഇതുവരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

# ആന്റിബയോട്ടിക് സാക്ഷരത: വീട്ടിൽ നേരിട്ടെത്തിയുള്ള ബോധവത്ക്കരണവുമായി ആരോഗ്യ പ്രവർത്തകർ

## *14 ജില്ലകളിലും അവബോധ പ്രവർത്തനങ്ങൾ നടത്തും

ആന്റിബയോട്ടിക്കുകളുടെ അനാവശ്യവും അശാസ്ത്രീയവുമായ ഉപയോഗം തടയാൻ സംസ്ഥാന വ്യാപകമായി വിവിധ തരത്തിലുള്ള എഎംആർ (ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ്) അവബോധ പരിപാടികൾ നടത്തി വരുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആന്റിബയോട്ടിക്കുകൾ തിരിച്ചറിയാനായി അവ നീല നിറത്തിലുള്ള പ്രത്യേക കവറുകളിൽ നൽകാനുള്ള പദ്ധതി ആരംഭിച്ചു. ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക് നൽകരുതെന്ന് മെഡിക്കൽ സ്റ്റോറുകൾക്ക് കർശന നിർദേശം നൽകി. ഇതുകൂടാതെ എഎംആർ അവബോധം താഴെത്തട്ടിൽ എത്തിക്കുന്നതിനുള്ള പരിശ്രമത്തിലാണ് ആരോഗ്യ വകുപ്പ്. ഇതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ ആരോഗ്യ പ്രവർത്തകർ വീടുകളിൽ നേരിട്ടെത്തിയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി. ജില്ലയിലെ 2 ലക്ഷത്തിലധികം വീടുകളിൽ എഎംആർ ബോധവൽക്കരണം പൂർത്തിയാക്കി. ബാക്കിയുള്ള മുഴുവൻ വീടുകളിലും എഎംആർ അവബോധം എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ ആന്റിബയോട്ടിക് ഉപയോഗം വളരെയേറെ കുറയ്ക്കാനായി. വിജയകരമായ മാതൃകയ്ക്ക് നേതൃത്വം നൽകിയ എറണാകുളം ജില്ലയിലെ മുഴുവൻ ടീം അംഗങ്ങളേയും മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

ആന്റിബയോട്ടിക് സാക്ഷരതയിൽ ഏറ്റവും പ്രധാനമാണ് അവബോധം. സാധാരണക്കാരിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായാണ് വീടുകളിലെത്തി ബോധവൽക്കരണം നൽകുന്നത്. പരിശീലനം ലഭിച്ച 2257 ആശാ പ്രവർത്തകരാണ് വീടുകളിലെത്തി ബോധവൽക്കരണം നടത്തുന്നത്. ഗ്രാമീണ മേഖല, നഗര മേഖല, ആദിവാസി മേഖല, അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളിലാണ് അവബോധം നൽകിയത്. ഒരു മാസം ഒരാൾ 50 വീടുകൾ എന്ന കണക്കിലാണ് അവബോധം നൽകിയത്. ഇതുകൂടാതെ വാർഡ് തല കമ്മിറ്റികളിലെ ജന പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും അവബോധം നൽകി. മെഡിക്കൽ ഓഫീസർമാർ, എംഎൽഎസ്പി, ട്രാൻസ്ജെൻഡർ ലിങ്ക് വർക്കർമാർ, മൈഗ്രന്റ് കോ ഓഡിനേറ്റർമാർ എന്നിവരുടെ പിന്തുണയുമുണ്ടായിരുന്നു. അതിഥി തൊഴിലാളികൾക്ക് അവരവരുടെ ഭാഷകളിലാണ് അവബോധം നൽകിയത്.ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയമായ ഉപയോഗം കാരണം 2050 ആകുമ്പോഴേക്കും ലോകത്ത് ഒരു കോടി ആളുകൾ ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് കൊണ്ട് മരണമടയും എന്നാണ് ലോകാരോഗ്യ സംഘടന കണക്കാക്കിയിരിക്കുന്നത്. ഇതുൾക്കൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് രാജ്യത്തിന് മാതൃകയായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. അതിന്റെ തുടർച്ചയായാണ് ഈ ബോധവത്ക്കരണവും.

***ഈ പോരാട്ടത്തിൽ നമുക്കും പങ്കാളികളാകാം***

1. മിക്ക അണുബാധകളും വൈറസ് മൂലമാണ് ഉണ്ടാകുന്നത്. അതിനാൽ ഇവയ്ക്കെതിരെ ആന്റി ബയോട്ടിക്കുകൾ ഫലപ്രദമല്ല.
2. ഡോക്ടറുടെ നിർദ്ദേശാനുസരണം മാത്രമേ ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കാവു.
3. ഒരിക്കലും ആന്റിബയോട്ടിക്കുകൾ ആവശ്യപ്പെടുകയോ ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ വാങ്ങി കഴിക്കുകയോ ചെയ്യരുത്.
4. ചികിത്സ കഴിഞ്ഞ് ശേഷിക്കുന്ന ആന്റിബയോട്ടിക്കുകൾ ഒരിക്കലും ഉപയോഗിക്കരുത്.
5. ശേഷിക്കുന്നതോ കാലഹരണപ്പെട്ടതോ ആയ ആന്റിബയോട്ടിക്കുകൾ കരയിലോ ജലാശയങ്ങളിലോ വലിച്ചെറിയരുത്.
6. രോഗശമനം തോന്നിയാൽ പോലും ഡോക്ടർ നിർദ്ദേശിച്ച കാലയളവിലേക്ക് ആന്റിബയോട്ടിക് ചികിത്സ പൂർത്തിയാക്കണം.
7. ആന്റിബയോട്ടിക്കുകൾ ഒരിക്കലും മറ്റുള്ളവരുമായി പങ്കിടാൻ പാടില്ല.
8. അണുബാധ തടയുന്നതിന് പതിവായി കൈ കഴുകുക.
9. രോഗികളുമായുള്ള സമ്പർക്കം ഒഴിവാക്കുക.
10. പ്രതിരോധ കുത്തിവയ്പുകൾ കാലാനുസൃതമായി എടുക്കുക

# കോസ്ടെക്ഈസിഗോ സഹകരണത്തിന് ധാരണ

കേരളത്തിലെ സഹകരണ മേഖലയിൽ ഇലക്ട്രിക് വെഹിക്കിൾ (ഇ.വി.) ചാർജിംഗ് സ്റ്റേഷനുകൾ നടപ്പാക്കുന്നതിന് കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡും ചെന്നൈ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഈസിഗോയുമായി സഹകരണത്തിന് ധാരണയായി. ഇതു സംബന്ധിച്ച ധാരണാ പത്രം സഹകരണ രജിസ്ട്രാർ ഡോ. ഡി സജിത് ബാബുവിന്റെ സാന്നിധ്യത്തിൽ കോസ്ടെക് ചെയർമാൻ പ്രൊഫ. ഇ. കുഞ്ഞിരാമൻ ഈസിഗോ ചെയർമാൻ ഡോ. വി.വി സജീവന് കൈമാറി. ഈസിഗോ സി.ഇ.ഒ സഞ്ജയ് സജീവൻ, ബിസിനസ് മേധാവി കൃഷ്ണകുമാർ, കോസ്ടെക് മാർക്കറ്റിംഗ് മാനേജർ ശ്രീനിവാസൻ എടമന എന്നിവർ സന്നിഹതരായിരുന്നു.

2030നകം സംസ്ഥാനത്തുടനീളം രണ്ടായിരം ഇവി ചാർജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുകയാണ് ലക്ഷ്യം. കേരളത്തിലെ വളരുന്ന ഇലക്ട്രിക് വാഹന ആവാസന വ്യവസ്ഥയെ പിന്തുണക്കുന്നതിനും പരിസ്ഥിതി സുസ്ഥിരത പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഊന്നൽ.

അതിനൂതന സാങ്കേതികവിദ്യയുടെ ശ്രമത്തിന്റെ ഭാഗമായി നഗര കേന്ദ്രങ്ങൾ, അർദ്ധ നഗര പ്രദേശങ്ങൾ, ഗ്രാമീണ മേഖലകൾ എന്നിവയുൾപ്പെടെ വിവിധ സുപ്രധാനമായ സ്ഥലങ്ങളിൽ ഇ.വി. ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾ, സ്റ്റാർട്ടപ്പുകൾ, യുവ സംരംഭകർ, കുടുംബശ്രീകൾ, അപ്പാർട്ട്മെന്റുകൾ എന്നിവ നേതൃത്വം നൽകും. കാർബൺ പുറന്തള്ളൽ കുറയ്ക്കുക, ശുദ്ധമായ ഊർജത്തെ പിന്തുണയ്ക്കുക, പൊതുജനങ്ങൾക്ക് ഇ.വി. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക തുടങ്ങിയ കേരളത്തിന്റെ കാഴ്ചപ്പാടുമായി പദ്ധതി സംയോജിപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

സൗകര്യപ്രദവും വിശ്വാസനീയവുമായ ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ ലഭ്യതയോടെ കൂടുതൽ അപ്പാർട്മെന്റ്സ് ബിസിനസുകാരെയും ഇലക്ട്രിക് വാഹനങ്ങളിലേക്ക് മാറാൻ പ്രത്സാഹിപ്പിക്കുന്നതിലൂടെ ഫോസിൽ ഇന്ധന ആശ്രിതത്വം ഗണ്യമായി കുറയ്ക്കാനാകും.24 മണിക്കൂറും പ്രവർത്തിക്കുന്ന കോഫി ഷോപ്പുകൾ, ഇന്റർനെറ്റ് കഫേ, പബ്ലിക് ഇൻഫർമേഷൻ സെന്ററുകൾ മുതലായവ സംയോജിപ്പിച്ചുകൊണ്ടുള്ള ഇ.വി. ചാർജിങ് സ്റ്റേഷനുകളാണ് വിഭാവനം ചെയ്യുന്നത്. ഇ.വി. ഇൻഫ്രാസ്ട്രക്ചർ നടപ്പിലാക്കുന്നത് സഹകരണ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വഴിയൊരുക്കും.

# ഗ്ലോബൽ പബ്ലിക് സ്കൂൾ ടെക്നോപാർക്ക് ഫേസ്3 ലെ ആദ്യത്തെ ക്രെഷും കിൻറർഗാർട്ടനും തുറന്നു

തിരുവനന്തപുരം: ഗ്ലോബൽ പബ്ലിക് സ്കൂൾ ടെക്നോപാർക്ക് ഫേസ്3 ലെ ആദ്യത്തെ ക്രെഷും കിൻറർഗാർട്ടനും തുറന്നു. ഇന്ത്യയിലെ പ്രമുഖ പ്രീ സ്കൂൾ, ഡേകെയർ ശൃംഖലയായ ദി ലേണിംഗ് കർവുമായി സഹകരിച്ചാണ് 'ജിപിഎസ് സ്റ്റെപ്പിങ് സ്റ്റോൺസ്' ടെക്നോപാർക്കിൽ പ്രവർത്തിക്കുക.കൈക്കുഞ്ഞുങ്ങൾ മുതൽ ആറ് വയസ് വരെയുള്ള കുട്ടികൾക്കായുള്ള സ്ഥാപനം ഫേസ്3 ലെ ടോറസ് കെട്ടിടത്തിലാണ് പ്രവർത്തിക്കുക. ജോലിസ്ഥലത്ത് ഈ സൗകര്യം ഒരുങ്ങുന്നതിലൂടെ ടെക്നോപാർക്ക് ജീവനക്കാർക്ക് കുട്ടികളെ സുരക്ഷിതമായി ഏൽപ്പിക്കാനും പരിചരിക്കാനുമാകും. ശിശുസൗഹൃദ ക്രെഷിൽ ഫീഡിംഗ് റൂം, പഠന മുറികൾ, മറ്റ് അവശ്യ സൗകര്യങ്ങൾ എന്നിവയുണ്ടായിരിക്കും. എല്ലാ ദിവസവും രാവിലെ 8 മുതൽ വൈകിട്ട് 6 വരെയാണ് ക്രെഷ് പ്രവർത്തിക്കുക.ചെറിയ കുട്ടികളുള്ള ടെക്നോപാർക്ക് ജീവനക്കാരെ പിന്തുണയ്ക്കുന്നതിനുള്ള ഒരു പ്രധാന അടിസ്ഥാന സൗകര്യമാണ് ക്രെഷിലൂടെ സാധ്യമാകുന്നതെന്ന് ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.) പറഞ്ഞു. ഗ്ലോബൽ പബ്ലിക് സ്കൂൾ ടെക്നോപാർക്ക് ഫേസ്3 ലെ ടോറസ് നയാഗ്ര കെട്ടിടത്തിൽ ക്രെഷ് തുറന്നതോടെ പാർക്കിൻറെ സാമൂഹിക ഘടന കൂടുതൽ മെച്ചപ്പെടുമെന്നും അദ്ദേഹം പറഞ്ഞു.ടോറസ്സിഒയുമായുള്ള സംഭാഷണത്തിൽ നിന്നാണ് ടെക്നോപാർക്കിൽ ഇതുപോലൊരു സൗകര്യത്തിൻറെ ആവശ്യകതയുണ്ടെന്ന് മനസ്സിലായതെന്ന് ഗ്ലോബൽ പബ്ലിക് സ്കൂൾ ചെയർമാനും ഗ്ലോബൽ എജ്യുക്കേഷൻ ട്രസ്റ്റ് മാനേജിംഗ് ട്രസ്റ്റിയുമായ പി. ജേക്കബ്ബ് പറഞ്ഞു. കൈക്കുഞ്ഞുങ്ങളും ചെറിയ കുട്ടികളുമുള്ള ഇവിടെ ജോലി ചെയ്യുന്ന ഒരുപാട് ജീവനക്കാർക്ക് ഇത് വലിയ ആശ്വാസമാകും. ഇത് അവരുടെ സമ്മർദ്ദം കുറയ്ക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കോവിഡിന് ശേഷം ജീവനക്കാരെ വർക്ക് ഫ്രം ഹോം സംസ്കാരത്തിൽ നിന്ന് ഓഫീസിലേക്ക് തിരികെ കൊണ്ടുവരുന്നത് ബുദ്ധിമുട്ടായിരുന്നുവെന്നും അതിനുള്ള കാരണങ്ങളിലൊന്ന് പല ജീവനക്കാർക്കും വീട്ടിൽ ചെറിയ കുട്ടികൾ ഉണ്ടായിരുന്നതാണെന്നും ടോറസ് ഇൻവെസ്റ്റ്മെൻറ് ഹോൾഡിംഗ്സ് ചീഫ് മാർക്കറ്റിംഗ് ഓഫീസർ കൃതിക കരിയപ്പ പറഞ്ഞു. ടെക്നോപാർക്കിലെ ക്രെഷ്, കിൻറർഗാർട്ടൻ സൗകര്യം ജീവനക്കാർക്ക് വലിയ പിന്തുണയായിരിക്കും. ജോലി ചെയ്യുന്ന അതേ കെട്ടിടത്തിൽ കുഞ്ഞിനെ ഏൽപ്പിക്കാനും ആവശ്യമുള്ളപ്പോഴെല്ലാം പരിചരിക്കാനും ഇതുവഴി സാധിക്കുമെന്നും അവർ പറഞ്ഞു.ഗ്ലോബൽ പബ്ലിക് സ്കൂൾ ടെക്നോപാർക്ക് കാമ്പസിൽ സ്കൂൾ സ്ഥാപിക്കാൻ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ സിബിഎസ്ഇ പാഠ്യ പദ്ധതിയിൽ പ്രീകെജി മുതൽ ആറാം ക്ലാസ് വരെയും, ഐബി പാഠ്യപദ്ധതിയിൽ ഒന്ന് മുതൽ അഞ്ച് വരെയും, കേംബ്രിഡ്ജ് പാഠ്യ പദ്ധതിയിൽ ആറ് മുതൽ എട്ട് വരെയും ക്ലാസുകളാണ് ആരംഭിക്കുക. തുടർന്ന് എല്ലാ പാഠ്യപദ്ധതികളിലും പന്ത്രണ്ടാം ക്ലാസ് വരെ നീട്ടാനാണ് ഉദ്ദേശിക്കുന്നത്.

# അന്യസംസ്ഥാന ഡ്രൈവിങ് ലൈസൻസ്; വിലാസം കേരളത്തിലേക്ക് മാറ്റാൻ വാഹനം ഓടിച്ചു കാണിക്കണം

തൃശ്ശൂർ: മറ്റു സംസ്ഥാനങ്ങളിലെ ഡ്രൈവിങ് ലൈസൻസുകളുടെ മേൽവിലാസം കേരളത്തിലേക്ക് മാറ്റാൻ പുതിയ കടമ്പ.

കേരളത്തിലെ മോട്ടോർ വാഹന വകുപ്പ് നിർദേശിക്കുന്ന രീതിയിൽ വാഹനം ഓടിച്ചു കാണിച്ചാൽ മാത്രമാണ് കേരളത്തിലെ മേൽവിലാസത്തിലേക്ക് മാറ്റം സാധ്യമാകുക. മറ്റു സംസ്ഥാനങ്ങളിൽ ഡ്രൈവിങ് ലൈസൻസ് കിട്ടാൻ എളുപ്പമാണെന്നാണ് വിലയിരുത്തൽ. അതിനാൽ കേരളത്തിലെ സ്ഥിരതാമസക്കാർ അവിടങ്ങളിൽ പോയി ലൈസൻസ് എടുത്തുവരാറുണ്ട്. ഇതുമൂലമാണ് മേൽവിലാസ മാറ്റത്തിന്റെ നിബന്ധന കർശനമാക്കിയതെന്നുമാണ് മോട്ടോർ വാഹന വകുപ്പ് നൽകുന്ന വിശദീകരണം.

അപേക്ഷകന് വാഹനം ഓടിക്കാൻ അറിയാമെന്ന് ബോധ്യപ്പെടാൻ റോ!!ഡ് ടെസ്റ്റ് നടത്തണോ വേണ്ടയോ എന്നതിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർക്ക് തീരുമാനമെടുക്കാം. എന്നാൽ സ്വന്തമായി ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറല്ലാത്തതിനാൽ മിക്ക മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും റോഡ് ടെസ്റ്റ് നടത്തുന്നുണ്ട്.

മറ്റു സംസ്ഥാനങ്ങളിൽ നിന്നെടുത്ത ലൈസൻസ് കാലാവധിയെത്തുന്നതിനു മുൻപേ പുതുക്കാൻ പോലും കേരളത്തിൽ റോഡ് ടെസ്റ്റ് ആവശ്യമില്ലായിരുന്നു. മോട്ടോർ വാഹന നിയമ പ്രകാരം രാജ്യത്ത് എവിടെനിന്നും പൗരന്മ!ാർക്ക് ലൈസൻസ് എടുക്കാം. ലൈസൻസ് അനുവദിക്കുന്നതിന് രാജ്യത്താകമാനം ഒരേ മാനദണ്ഡമാണ്. ഈയിടെ കേരളത്തിൽ ലൈസൻസ് അനുവദിക്കുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തിയെന്നത് മാത്രമാണ് പ്രത്യേകത.

# കെടെറ്റ്: 20 വരെ അപേക്ഷിക്കാം

അധ്യാപക യോഗ്യത പരീക്ഷയുടെ (കെടെറ്റ്) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. https://ktet.kerala.gov.in വെബ് പോർട്ടൽ വഴി നവംബർ 11 മുതൽ 20 വരെ അപേക്ഷ ഓൺലൈനായി സമർപ്പിക്കാം.

ഓരോ കാറ്റഗറിയിലേക്കും അപേക്ഷിക്കാനുള്ള യോഗ്യതയുടെ വിവരങ്ങൾ അടങ്ങിയ വിജ്ഞാപനം, ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള വിശദമായ മാർഗനിർദേശങ്ങൾ എന്നിവ https:///ktet.kerala.gov.in, https://pareekshabhavan.kerala.gov.in വെബ്സൈറ്റുകളിൽ ലഭിക്കും.

# റോഡ് പണി: വാഹനങ്ങൾ വഴിതിരിച്ചു വിടും

ഇടപ്പഴിഞ്ഞി ജങ്ഷനിൽ ഇന്റർലോക്ക് കട്ടകൾ പാകുന്ന പ്രവൃത്തികൾ നടക്കുന്നതിനാൽ നവംബർ 9 മുതൽ ഡിസംബർ 9 വരെ വഴുതക്കാട് ഇടപ്പഴിഞ്ഞി പള്ളിമുക്ക് റോഡിലൂടെയുള്ള ഗതാഗതം ഭാഗികമായി തടസപ്പെടും. വഴുതക്കാട് നിന്ന് ഇടപ്പഴിഞ്ഞി വഴി പാങ്ങോട് ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ ഇടപ്പഴിഞ്ഞി ജങ്ഷനിൽ നിന്നും ജഗതി വഴിയോ മരുതംകുഴി വഴിയോ പോകണമെന്ന് പൊതുമരാമത്ത് റോഡ് വിഭാഗം അറിയിച്ചു.